بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാല്യം 1

ലക്കം 35

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 നവംബർ 03/ഹി:ശം:1395 നുബുവ്വത്ത് 03/ഹി:ഖ: 1438 സ്വഫർ 02

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 2016 സെപ്റ്റംബർ 30 ന് ബയ്ത്തുൽ ഫുതൂഹ് മോർഡൻ,ബ്രിട്ടണിൽ ജുമുഅ ഖുത്ബ നിർവഹിച്ചു.അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരിഹീ.

**അല്ലാഹുവിൽ പൂർണമായ വിശ്വാസം കൈവരുന്നത് അവന്റെ റസൂൽമാരിൽ വിശ്വസിക്കുമ്പോഴാണ്. കാരണം അവർ അവന്റെ സിഫത്തുകളുടെ-വിശേഷഗുണങ്ങളുടെ പ്രതീകങ്ങളാണ്. ദൈവത്തിന്റെ വിശേഷഗുണങ്ങൾ അനാദ്യമെന്നതുപോലെ അനശ്വരവുമാണ്. അതിന്റെ ദർശയിതാക്കൾ നബിമാർ(അ) മാത്രമാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ചോദ്യം(8).** കേവലം ശുഷ്കമായ തൗഹീദ് മോക്ഷത്തിന്റെ അച്ചുതണ്ട് ആകുകയില്ലെന്നത് നമ്മുടെ ഈമാനാണ്. നബി(സ)തിരുമേനിയുടെ അനുധാവനത്തിൽനിന്ന് വേറിട്ട് എന്തെങ്കിലും കർമം ചെയ്യുക എന്നത് മനുഷ്യനെ മോക്ഷം പ്രാപിച്ചവനാക്കുകയുമില്ല. പക്ഷേ, ശാന്തിപ്രാപിച്ച ആത്മാവിന് അബ്ദുൽഹക്കീം ഖാൻ എഴുതിയിരിക്കുന്ന ആയത്തിന്റെ ഉദ്ദേശ്യമെന്താണെന്നാണ് ചോദ്യം. ഉദാഹരണത്തിന്

**ഇന്നല്ലദീന ആമനൂ വല്ലദീന ഹാദൂ വന്നസ്വാറാ വസ്സ്വാബിഈന മൻ ആമന ബില്ലാഹി വൽയൗമിൽ ആഖിരി വ അമില സ്വാലിഹൻ ഫലഹും അജ്റുഹും ഇൻദ റബ്ബിഹിം(2:63)**

ഇപ്രകാരംതന്നെ **ബലാ മൻ അസ്‌ലമ വജ്ഹുഹൂ ലില്ലാഹി വഹുവ മുഹ്സിനുൻ ഫലഹൂ അജ്റുഹൂ ഇൻദ റബ്ബിഹീ (2:113)**

അതുപോലെതന്നെ **തആലൗ ഇലാ കലിമത്തിൻ സവാഇൻ ബയ്നനാ വ ബയ്നക്കും അല്ലാ നഅ്ബുദ ഇല്ലല്ലാഹ വലാ നുശ്‌രിക്ക ബിഹീ ശയ്അൻ വ ലാ യത്തഖിദ ബഅ്ളുനാ ബഅ്ളൻ അർബാബൻ മിൻ ദൂനില്ലാഹ്(3:65)**

**മറുപടി:**'വിശുദ്ധ ഖുർആനിൽ ഈ വചനങ്ങൾ പറഞ്ഞിരിക്കുന്നതുകൊണ്ടുള്ള ഉദ്ദേശ്യം റസൂലിനെ വിശ്വസിക്കാതെ മോക്ഷം സാധ്യമാണെന്നല്ല. മറിച്ച് അതുകൊണ്ടുള്ള ഉദ്ദേശ്യം പങ്കുകാരനില്ലാത്ത ഏകനായ ദൈവത്തിലും അന്ത്യനാളിലും വിശ്വസിക്കാതെ മോക്ഷം കിട്ടുകയില്ലെന്നാണ്. അല്ലാഹുവിൽ പൂർണമായ വിശ്വാസം കൈവരുന്നത് അവന്റെ റസൂൽമാരിൽ വിശ്വസിക്കുമ്പോഴാണ്. കാരണം അവർ അവന്റെ സിഫത്തുകളുടെ-വിശേഷഗുണങ്ങളുടെ പ്രതീകങ്ങളാണ്. ഏതെങ്കിലും വസ്തുവിന്റെ അസ്തിത്വം അതിന്റെ അസ്തിത്വത്തിന്റെ വിശേഷഗുണങ്ങൾ കൂടാതെ തെളിവു സഹിതം സ്ഥിരമാകുകയില്ല. അതുകൊണ്ട് ദൈവികാസ്തിത്വത്തിന്റെ വിശേഷഗുണങ്ങളുടെ അറിവുകൂടാതെ ദൈവത്തെ കുറിച്ചുള്ള ജ്ഞാനം അപൂർണമായിരിക്കും. എന്തുകൊണ്ടെന്നാൽ ഉദാഹരണത്തിന് അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങളാണ് അവൻ സംസാരിക്കുന്നു, കേൾക്കുന്നു, മറഞ്ഞ കാര്യങ്ങൾ അറിയുന്നു എന്നത്. കാരുണ്യം ചൊരിയുന്നതിനും ശിക്ഷ ഇറക്കുന്നതിനും കഴിവുള്ളനാണെന്നത്. റസൂൽമുഖേന അത് അറിയാതെകണ്ട് എങ്ങനെ അതിൽ ദൃഢവിശ്വാസം വരാനാണ്. ഈ വിശേഷ ഗുണങ്ങൾ ദൃശ്യമായ നിലയിൽ സ്ഥാപിതമാകുന്നില്ലെങ്കിൽ അല്ലാഹുവിന്റെ അസ്തിത്വംതന്നെ സ്ഥാപിതമാകുകയില്ല. ഇങ്ങനെ വരുമ്പോൾ അവനിൽ വിശ്വസിക്കുന്നതുകൊണ്ട് എന്തർഥമാണുള്ളത്? അല്ലാഹുവിൽ വിശ്വസിക്കുന്നവൻ അവന്റെ വിശേഷഗുണങ്ങളിലും വിശ്വസിക്കേണ്ടത് നിർബന്ധമാണ്. ഈ വിശ്വാസം അവനെ നബിമാരിൽ വിശ്വസിക്കുന്നതിന് നിർബന്ധിക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ ഉദാഹരണത്തിന് അല്ലാഹു വചനങ്ങൾ ഇറക്കുന്നതും സംസാരിക്കുന്നതും അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെ തെളിവില്ലാതെ എങ്ങനെ മനസ്സിലാകാനാണ്. ആ ഗ്രന്ഥങ്ങൾ തെളുവോടുകൂടി സമർപ്പിക്കുന്നവർ നബിമാർ മാത്രമാണ്.

വിശുദ്ധ ഖുർആനിൽ രണ്ടുതരത്തിലുള്ള വചനങ്ങളുണ്ടെന്ന് വ്യക്തമായും മനസ്സിലാക്കിക്കൊള്ളുക. ഒന്ന് ഖണ്ഡിതവചനങ്ങളും പ്രത്യക്ഷമായ ദൃഷ്ടാന്തങ്ങളുമാണ്.

**ഇന്നല്ലദീന യക്ഫുറൂന ബില്ലാഹി വ റുസുലിഹീ വ യുരീദൂന അൻ യ്യുഫർരിഖൂ ബയ്നല്ലാഹി വ റുസുലിഹീ വ യഖൂലൂന നുഅ്മിനു ബിബഅ്ളിൻ വ്വ നക്ഫുറു ബിബഅ്ളിൻ വ യുരീദൂന അൻ യ്യത്തഖിദൂ ബയ്ന ദാലിക്ക സബീലാ ഉലാഇക്ക ഹുമുൽകാഫിറൂന ഹഖ്ഖൻ വ അഅ്തദ്നാ ലിൽകാഫിരീന അദാബൻ മ്മുഹീനാ (4:151-152)**

അല്ലാഹുവിലും അവന്റെ ദൂതന്മാരിലും അവിശ്വസിക്കുകയും അല്ലാഹുവിനും അവന്റെ ദൂതന്മാർക്കുമിടയിൽ വിവേചനം കല്പിക്കുന്നതിന് ഉദ്ദേശിക്കുകയും 'ഞങ്ങൾ ചിലരിൽ വിശ്വസിക്കുന്നു ചിലരിൽ അവിശ്വസിക്കുകയുംചെയ്യുന്നു' എന്നു പറയുകയും അതിനു മധ്യേ മറ്റൊരുമാർഗം സ്വീകരിക്കുവാൻ ഉദ്ദേശിക്കുകയും ചെയ്യുന്നവരാരോ -അവർതന്നെയാണ് യഥാർഥ അവിശ്വാസികൾ. അവിശ്വാസികൾക്കു നാം അപമാനകരമായ ശിക്ഷ ഒരുക്കിവച്ചിട്ടുണ്ട്.

രണ്ടാമത്തെ തരത്തിലുള്ളത് സദൃശവചനങ്ങളാണ്. അതിന്റെ അർഥം വളരെ സൂക്ഷ്മമായിരിക്കും. അറിവിൽ അടിയുറച്ചവർക്കാണ് അവയുടെ ആ അറിവ് നല്കപ്പെടുന്നത്. ആരുടെ മനസ്സുകളിലാണോ കപടതയുടെ അസുഖമുള്ളത് അവർ ഖണ്ഡിത വചനങ്ങളെ ഒട്ടും പരിഗണിക്കാതെ സദൃശവചനങ്ങളെ പിൻപറ്റുന്നു. ഖണ്ഡിതവചനങ്ങൾ അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ ധാരാളമായിട്ടുണ്ടാകുമെന്നതാണ് ഖണ്ഡിത വചനങ്ങളുടെ ലക്ഷണം. അല്ലാഹുവിന്റെ ഗ്രന്ഥം അവകൊണ്ട് നിറഞ്ഞിരിക്കും. അവയുടെ അർഥം തുറന്ന നിലയിലുള്ളതായിരിക്കും. അവ വിശ്വസിക്കുന്നില്ലെങ്കിൽ കുഴപ്പം തീർച്ചയായുമുണ്ടാകും. ഉദാഹരണത്തിന് ഇവിടെത്തന്നെ നോക്കുക. ആരാണോ അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നത് അവന്റെ റസൂൽമാരിൽ വിശ്വസിക്കാത്തത് അവന് അല്ലാഹുവിന്റെ വിശേഷഗുണങ്ങളെ നിഷേധിക്കേണ്ടി വരുന്നു. ഉദാഹരണത്തിന് നമ്മുടെ കാലത്തെ ഒരു പുതിയ കക്ഷിയാണ് ബ്രഹ്മസമാജം. അവർ അല്ലാഹുവിനെ വിശ്വസിക്കുന്നുവെന്ന് വാദിക്കുന്നു. എന്നാൽ, നബിമാരെ വിശ്വസിക്കുന്നില്ല. അവർ അല്ലാഹുവിന്റെ ഗ്രന്ഥങ്ങളെ നിഷേധിക്കുന്നവരാണ്. അല്ലാഹു കേൾക്കുന്നവനാണെങ്കിൽ സംസാരിക്കുന്നവനുമാണെന്നത് തീർച്ചയാണ്. ഇനി അവന്റെ സംസാരം സ്ഥാപിതമാകുന്നില്ലെങ്കിൽ കേൾക്കുക എന്നതും സ്ഥാപിതമാകുകയില്ല. ഇപ്രകാരം അത്തരമാളുകൾ ദൈവികഗുണവിശേഷങ്ങളെ നിഷേധിച്ച് ദൈവനിഷേധികളുടെ വർണത്തിലായിത്തീരുന്നു. ദൈവത്തിന്റെ വിശേഷഗുണങ്ങൾ അനാദ്യമെന്നതുപോലെ അനശ്വരവുമാണ്. അതിന്റെ ദർശയിതാക്കൾ നബിമാർ(അ) മാത്രമാണ്. നെഗറ്റീവായ വിശേഷ ഗുണങ്ങൾ നെഗറ്റീവായ ദൈവികസത്തയെ നടപ്പിൽ വരുത്തുന്നതാണ്. ഈ ഗവേഷണത്തിൽനിന്ന് അല്ലാഹുവിൽ വിശ്വസിക്കുന്നതിന് നബിമാരിൽ വിശ്വസിക്കേണ്ടത് എത്രമാത്രം അത്യാവശ്യമാണെന്ന് സ്ഥാപിതമാകുന്നുണ്ട്. അതായത് അവരുടെ സാക്ഷ്യം ധാരാളമായ വചനങ്ങളിൽനിന്നു മാത്രമല്ല പ്രത്യുത കർമപരമായ നിലയിലും ലഭിക്കുന്നു. അതായത് അല്ലാഹുവിന്റെ നബിമാരുടെ തുടർച്ചയായുള്ള സാക്ഷ്യങ്ങൾ അവനെ സംബന്ധിച്ച് ലഭിച്ചുകൊണ്ടിരിക്കുന്നു. ആരാണോ അല്ലാഹുവിന്റെ ഗ്രന്ഥമായ വിശുദ്ധ ഖുർആനേയും മറ്റു ഗ്രന്ഥങ്ങളേയും നോക്കുന്നത് അവന് നബിമാരുടെ ഗ്രന്ഥങ്ങളിൽ എത്രകണ്ട് ദൈവത്തിൽ വിശ്വസിക്കുന്നതിന് താക്കീതാണുള്ളത് അത്രകണ്ട് അവന്റെ റസൂൽമാരിലും വിശ്വസിക്കുന്നതിന് താക്കീതുണ്ടെന്ന് മനസ്സിലാകുന്നതാണ്. ഖണ്ഡനവചനങ്ങൾക്ക് വിരുദ്ധമായുള്ള അർഥം സദൃശവചനങ്ങൾക്ക് കൊടുക്കുമ്പോൾ കുഴപ്പം തീർച്ചയായുമുണ്ടാകുന്നു. ഇപ്രകാരംതന്നെ ധാരാളമായി കാണുന്ന മറ്റുവചനങ്ങൾക്കും എതിരായിത്തീരുന്നു. അല്ലാഹുവിന്റെ വചനങ്ങളിൽ വൈരുദ്ധ്യം സംഭാവ്യമല്ല. അതുകൊണ്ട് കുറവായിട്ടുള്ളതിനെ എന്തായാലും അധികമായിട്ടുള്ളതിന് വിധേയമാക്കേണ്ടിവരുന്നു. അല്ലാഹ് എന്ന പദത്തിൽ ചിന്തിക്കുക എന്നത് ആ ദുർബോധനങ്ങളെ മായിച്ചു കളയുന്നതാണെന്ന് ഞാൻ എഴുതിക്കഴിഞ്ഞിട്ടുള്ളതാണ്. കാരണം അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ അവന്റെ തന്നെ വിവരണത്തിൽ അല്ലാഹു എന്ന പദത്തിന്, അല്ലാഹു ഗ്രന്ഥം അയച്ചവനാണ്, നബിയെ അയച്ചവനാണ്, നബി(സ) തിരുമേനിയെ അയച്ചവനാണെന്നുള്ള വിശദീകരണമാണുള്ളത്; നബി(സ)തിരുമേനിയെ പിൻപറ്റുന്നതുകൊണ്ട് ജനങ്ങൾക്ക് ലഭിക്കുന്ന നിലകളും സ്ഥാനങ്ങളും പ്രാപിക്കുക. കാരണം ഏതൊരു നിലകൾവരെ നുബുവ്വത്തിന്റെ പ്രകാശത്തെ പിൻപറ്റുന്നതുകൊണ്ട് അതിനെ പിൻപറ്റുന്നവർക്ക് എത്താൻ കഴിയുമോ കേവലം അന്ധന് എത്താൻ കഴിയുകയില്ല. ഇത് അല്ലാഹുവിന്റെ കൃപാകടാക്ഷമാണ്. ഇതനുസരിച്ച് ആഗ്രഹിക്കുന്നെങ്കിൽ **(ശേഷം പേജ് 7ൽ)**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഹദ്റത്ത് മയ്മൂന(റ)

**(ലജ്ന ഇമായില്ലാഹ് പാക്കിസ്താൻ പ്രസിദ്ധീകരിച്ച അമത്തുർറശീദ് അർസലയുടെ ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് മയ്മൂന(റ) എന്ന ലഘുകൃതിയോടു കടപ്പാട്)**

**കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച**

ഹദ്റത്ത് മയ്മൂന(റ) അതു ചെയ്തത് അല്ലാഹുവിന്റെ പ്രതിഫലത്തിനുവേണ്ടിയായിരുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് കൂടുതൽ പ്രതിഫലം കിട്ടാവുന്ന മാർഗവും പറഞ്ഞുകൊടുത്തു. അതായത് അടുത്ത ബന്ധുക്കളിലാരെങ്കിലും അർഹരായിട്ടുണ്ടെങ്കിൽ സമ്മാനത്തിന്റെ അല്ലെങ്കിൽ സ്വദഖയുടെ വസ്തുക്കൾ അവർക്കു നല്കിയാൽ കൂടുതൽ പ്രതിഫലം കിട്ടുന്നതാണ്.

നബി(സ)തിരുമേനിയോടുള്ള സ്നേഹവും ആ മഹാത്മാവിന്റെ സ്വഭാവം മനസ്സിലാക്കുന്നതിലുള്ള സാമർഥ്യവും മനസ്സിലാക്കിത്തരുന്ന ഒരു സംഭവമുണ്ട്.

ഒരിക്കൽ ഹദ്റത്ത് മയ്മൂന(റ)യുടെ ഗോത്രമായ ബനൂഹിലാലിന്റെ ഒരു സംഘം നബി(സ)യുമായി കൂടിക്കാഴ്ച നടത്താനും ഇസ്‌ലാം സ്വീകരിക്കാനുമായി വന്നു. ആ സംഘത്തിൽ സയ്യാദ് ബിൻ അബ്ദുല്ലാഹ് ബിൻ മാലിക് ആമിരിയുമുണ്ടായിരുന്നു. ഹദ്റത്ത് മയ്മൂന(റ)യുടെ സഹോദരി പുത്രനാണ് അദ്ദേഹം. അയാൾ വന്നപ്പോൾ നബി(സ) വീട്ടിലുണ്ടായിരുന്നില്ല. നബി(സ)വീട്ടിൽ വന്നപ്പോൾ അപരിചിതനായ ഒരാൾ വീട്ടിലിരിക്കുന്നത് കണ്ട് ആ തിരുമുഖത്ത് അനിഷ്ടകരമായ നേരിയൊരു ഭാവം നിഴലിക്കുന്നത് അവർ കണ്ടു. ഹദ്റത്ത് മയ്മൂനായ്ക്ക് കാര്യം മനസ്സിലായി. ഉടനെ പറഞ്ഞു, അല്ലാഹുവിന്റെ റസൂലേ! ഇതെന്റെ സഹോദരിയുടെ മകനാണ്. ബനൂഹിലാലിന്റെ സംഘത്തിൽ വന്നതാണ്. എന്നെക്കാണാനാണ് ഇവിടെ വന്നത്. അപ്പോൾ നബി(സ)സന്തോഷിക്കുകയും അനുഗ്രഹവും കാരുണ്യവും ഉണ്ടാകാൻ പ്രാർഥിക്കുകയും ചെയതു.

ഒരിക്കൽ ഹദ്റത്ത് മയ്മൂനാ(റ)യുടെ ഒരു ബന്ധു അവരെ കാണാൻ വന്നു. അയാൾ സംസാരിക്കാൻ തുടങ്ങിയപ്പോൾ വായിൽനിന്ന് മദ്യത്തിന്റെ നാറ്റംവന്നു. നബി(സ)അയാളോട് ഇനി ഇവിടെ വന്നുപോകരുതെന്ന് പറഞ്ഞ് ദ്വേഷപ്പെട്ടു.[17]

ഹദ്റത്ത് മയ്മൂന(റ)യ്ക്ക് അങ്ങേയറ്റം സ്നേഹിക്കുന്ന തന്റെ ഭർത്താവുമൊത്ത് വെറും മൂന്നു വർഷം കഴിയാനെ സാധിച്ചുള്ളു. ഈ മൂന്നു വർഷത്തിനുള്ളിൽ അവർ സമ്പാദിച്ചത് വിലപിടിച്ച സ്വത്തായിരുന്നു.

ഹിജറ വർഷം 51-ൽ ഹദ്റത്ത് മയ്മൂന(റ) ഹജ്ജിനു പോയി. അവിടെവെച്ച് സുഖമില്ലാതെയായി. തന്റെ സമയം അടുത്തിരിക്കുന്നവെന്ന് അവർക്കു മനസ്സിലായി. തന്നെ മക്കയിൽനിന്ന് 'സരിഫിൽ' കൊണ്ടുപോകാൻ അവർ ബന്ധുക്കളോടു പറഞ്ഞു. ഇവിടെ വെച്ചാണ് അവരുടെ വിവാഹം നടന്നത്. അവിടെവെച്ച് അവർ മരിക്കുകയും ചെയ്തു. തമ്പിൽവച്ച് നബി(സ) തിരുമേനിയെ ആദ്യമായി കണ്ടുമുട്ടിയ അതേ സ്ഥലത്ത് മറയടക്കപ്പെട്ടു. ഹദ്റത്ത് മയ്മൂനാ(റ)യുടെ സഹോദരി പുത്രനായ അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ) ജനാസ നമസ്കരിപ്പിച്ചു. ഖബ്റിൽ മയ്യിത്തിറക്കാനുള്ള ഭാഗ്യവും അദ്ദേഹത്തിനു ലഭിച്ചു. ജനാസ തോളിലേറ്റിയപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ)പറഞ്ഞു, 'ഇത് അല്ലാഹുവിന്റെ റസൂലിന്റെ ഭാര്യയാണ്. ജനാസയ്ക്ക് ഇളക്കം തട്ടാതെ സാവകാശം ആദരവോടെ കൊണ്ടുപോകുക.'[18]

നബി(സ)തിരുമേനിയുടെ ഭാര്യമാരുടെ മനസ്സുകളിലുണ്ടായിരുന്ന നബിയോടുള്ള സ്നേഹം, ആ മഹാത്മാവിൽനിന്ന് അവർ ആർജിച്ചെടുത്ത നല്ല സ്വാധീനം അതെപ്പോഴും അവരുടെ ഹൃദയാന്തരംഗങ്ങളിൽ തുടിച്ചുകൊണ്ടിരുന്നു. ഹദ്റത്ത് മയ്മൂന(റ) തന്റെ അവസാന നിമിഷമെത്തിയപ്പോൾ താൻ നബി(സ)യെ ആദ്യം കണ്ടുമുട്ടിയ സ്ഥലത്തു, തന്നെ ഖബ്റടക്കണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു.[19]

ഹദ്റത്ത് മയ്മൂന(റ)യെയാണ് നബി(സ) അവസാനമായി വിവാഹം ചെയ്തത്. അതിനു ശേഷം കൂടുതൽ വിവാഹം കഴിക്കുന്നത് അല്ലാഹു വിലക്കി.(സൂറഃ അഹ്സാബ് 53) നബിയുടെ ഭാര്യമാരെ വിവാഹം കഴിക്കാൻ അനുവദമില്ലെന്ന് മുസ്‌ലീംകളോടു പറയുകയും ചെയ്തു. കാരണം അവരുടെ പദവിയും സ്ഥാനവും ഉമ്മയുടേതാണ്. (സൂറഃ അഹ്സാബ് -7)

ഈ പുസ്തകരചനയ്ക്കു സഹായമായ ഗ്രന്ഥങ്ങൾ:-

17. മുസ്നദ് വാള്യം 6 പേജ് 332.
18. ബുഖാരി വാള്യം 2 പേജ് 750.
19. ദീബാച്ചഃ തഫ്സീറുൽഖുർആനിൽ നിന്നെടുത്തത്.

# ഹദ്റത്ത് സുലയ്മാൻ(അ)ന്റെ സമുദ്രീയ തൽപരതകൾ

സൂറ അമ്പിയായിൽ അല്ലാഹു പറയുന്നു: "നാം സുലയ്മാന് ആഞ്ഞടിക്കുന്ന കാറ്റിനെ അധീനപ്പെടുത്തിക്കൊടുത്തു. അദ്ദേഹത്തിന്റെ ജോലി എടുക്കുന്നതിനുവേണ്ടി നാം അനുഗ്രഹിച്ച ഭൂമിയിലേക്ക് അത് ചലിച്ചുകൊണ്ടിരുന്നു."(21:82)

സൂറ സബായിൽ അല്ലാഹു പറയുന്നു: "നാം കാറ്റിനെ സുലയ്മാനുവേണ്ടി ജോലിയിൽ നിയോഗിച്ചു. ഗുദുവ്വുഹാ ശഹ്റുൻ വ്വ റവാഹുഹാ ശഹ്റുൻ അതിന്റെ പോക്ക് ഒരു മാസത്തെ ദൂരവും വരവ് ഒരു മാസത്തെ ദൂരവുമാണ്(34:13)

ബൈബിളിൽ എഴുതിയിരിക്കുന്നു:' 'ശലമോൻ രാജാവ് ഏദോം ദേശത്ത് ചെങ്കടല്ക്കരയിൽ എലോത്തിനു സമീപത്തുള്ള എസ്യോൻ ഗേബെരിൽവെച്ച് കപ്പലുകൾ പണിതു. ഈ കപ്പലുകളിൽ ശലമോന്റെ ദാസന്മാരോടുകൂടെ ഹീരാം സമുദ്രപരിചയമുള്ള കപ്പല്ക്കാരായ തന്റെ ദാസന്മാരെ അയച്ചു."(ഒന്നാം രാജാക്കന്മാർ 9:26-27)

രാജാവിന്റെ കപ്പലുകളെ ഹൂരാമിന്റെ ദാസന്മാരുടെ കൂടെ തർശീശിലേക്ക് അയച്ചിരുന്നു; മൂവാണ്ടിലൊരിക്കൽ തർശീശ് കപ്പലുകൾ പൊന്നു, വെള്ളി, ആനക്കൊമ്പ്,കുരങ്ങു, മയിൽ എന്നിവയെ കൊണ്ടുവന്നു. (2. ദിനവൃത്താന്തം 9:21)

ഇക്കാലഘട്ടത്തിലെ ഗവേഷണങ്ങളിൽനിന്ന് പൗരസ്ത്യ മദ്ധ്യധരണ്യാഴിയിൽ (Mediterranean Sea)നിന്ന് തെക്ക് പശ്ചിമ ഇന്ത്യവരെ പുരാതന കാലത്ത് മഴകൊണ്ടുവന്നിരുന്ന കാറ്റു മുഖേനയും പോക്കുംവരവും മുഖേനയും വാണിജ്യത്തിന്റെ ശൃംഖല നിലവിലുണ്ടായിരുന്നതായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഗവേഷകർ അതിനെ this wind was used for navigation എന്നു പറഞ്ഞ് സ്മരിക്കാറുണ്ടായിരുന്നു.

ബൈബിളിന്റെ രണ്ടു വിവരണത്തിലും ഹദ്റത്ത് സുലയ്മാന്റെ കപ്പലുകളുടെ പദമാണ് ഉപയോഗിക്കപ്പെട്ടിരിക്കുന്നതെങ്കിൽ വിശുദ്ധ ഖുർആന്റെ രണ്ടു വിവരണങ്ങളിലും അർരീഹ് (കാറ്റ്)എന്ന പദമാണുള്ളത്.(അൽഫള്ൽ ഇന്റർനാഷണൽ, 2016 സെപ്റ്റംബർ 2-8)

## 122-ാമത് ജൽസസാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാ ഹുത്തആല ബിനസ്രിഹിൽ അസീസ് ഖാദിയാനിലെ 122-ാമത് ജൽസസാലാന 2016 ഡിസംബർ 26,27,28 (തിങ്കൾ, ചൊവ്വ, ബുധൻ)എന്നീ തിയതികളിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു. ഈ ജൽസ എല്ലാ വിധത്തിലും വിജയപ്രദമാകുന്നതിനും സൗഭാഗ്യരായ ആത്മാക്കൾക്ക് സന്മാർഗപ്രാപ്തിക്കു കാരണമാകുന്നതിനും ദുആ ചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹു അഹ്സനുൽജസാ

Website Design & Online Marketing
Google SEO I Website Design I Social Media I Graphic Design
Call 0828 173 6451 Email: admin@dsignsworld.com
www.dsignsworld.com
DSIGNS WORLD

C.M HIDAYATHULLAH 9447029141, 9946631222
CITYLINK TRAVEL CORPORATION
Linking Destinations
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

# ഖുത്ബ ജുമുഅ

**ഇന്ന് യു.കെ.(U.K)മജ്‌ലിസ് അൻസ്വാറുല്ലായുടേയും ലജ്ന ഇമായില്ലായുടേയും ഇജ്തിമാ ആരംഭിക്കുകയാണ്. നമ്മുടെ ഇജ്തിമാകളുടെ യഥാർഥ ആത്മാവ് എന്നു പറയുന്നത് അല്ലാഹുവിനോടുള്ള ബന്ധവും പരസ്പര സ്നേഹവും സാഹോദര്യവും വർധിപ്പിക്കാൻ ശ്രമിക്കുക എന്നതുമാണ്. വൈജ്ഞാനിക പരിപാടികളും മത്സരങ്ങളും ഈ ആത്മാവോടുകൂടി ആയിരിക്കേണ്ടതാണ്; അതായത് നമ്മൾ ഇക്കാര്യങ്ങളിൽനിന്ന് കുറച്ചു പഠിച്ച് സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കേണ്ടതാണ്.**
**ചില വിനോദങ്ങളും പരിപാടികളും ഉണ്ടാകാറുണ്ട്. അത് എന്തിനെന്നാൽ അല്ലാഹുവിനോടുള്ള കടമകളും മനുഷ്യരോടുള്ള കടമകളും നിർവഹിക്കുന്നതിന് ആരോഗ്യമുള്ള ശരീരത്തിന്റെ ആവശ്യമുണ്ട്. വാസ്തവത്തിൽ അൻസ്വാറുല്ലായുടെ പ്രായം കളിതമാശകളുടേതല്ല. 22, 23 വയസ്സിനുശേഷം പൊതുവെ സ്ത്രീകൾ കളികളിൽ കൂടുതൽ താൽപര്യം കാണിക്കാറുമില്ല.**

**അൻസ്വാറുല്ലായുടേയും ലജ്ന ഇമായില്ലായുടേയും നാസ്വിറാത്തുൽ അഹ്മദിയ്യായുടേയും ഉത്തരവാദിത്വങ്ങളുടെ ചുരുക്കം അവരുടെ യോഗങ്ങളിൽ അവർ ചെയ്യുന്ന പ്രതിജ്ഞയിൽ അടങ്ങിയിട്ടുണ്ട്. ആ പ്രതിജ്ഞകൾ ഉദ്ധരിച്ചുകൊണ്ട് അൻസ്വാറുല്ലായ്ക്കും ലജ്ന ഇമായില്ലായ്ക്കും നാസ്വിറാത്തുൽ അഹ്മദിയ്യാക്കും സുപ്രധാനമായ ഉപദേശങ്ങൾ**

**ക്യാൻസർ രോഗം സുഖമായതിനുശേഷം നെഞ്ചിലുണ്ടായ ഇൻഫെക്ഷൻ മൂലം വഫാത്തായ യു.കെ.ജാമിഅ അഹ്മദിയ്യായിലെ ഏറെ പ്രിയങ്കരനായ വിദ്യാർഥി മള്ഹർ അഹ്സനെ സംബന്ധിച്ച അനുസ്മരണം. ജനാസ നമസ്കാരം. പരേതന്റെ വിവിധ സവിശേഷ ഗുണങ്ങളുടെ ചർച്ച**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2016 സെപ്റ്റംബർ 30/1395 തബൂക് 30**
**മസ്ജിദ് ബയ്ത്തുൽഫുതൂഹ് മോർഡൻ (ലണ്ടൻ)**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔
بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔ اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۔ اَلرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ
الدِّيْنِ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ۔ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ
اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

ഇന്ന് യു.കെ.(U.K) മജ്‌ലിസ് അൻസ്വാറുല്ലായുടേയും ലജ്ന ഇമായില്ലായുടേയും ഇജ്തിമാ ആരംഭിക്കുകയാണ്. നമ്മുടെ ഇജ്തിമാകളുടെ യഥാർഥ ആത്മാവ് എന്നു പറയുന്നത് അല്ലാഹുവിനോടുള്ള ബന്ധവും പരസ്പര സ്നേഹവും സാഹോദര്യവും വർധിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുക എന്നതാണ്. വൈജ്ഞാനിക പരിപാടികളും മത്സരങ്ങളും ഈ ആത്മാവോടുകൂടി ആയിരിക്കേണ്ടതാണ്; അതായത് നമ്മൾ ഇക്കാര്യങ്ങളിൽനിന്ന് കുറച്ചു പഠിച്ച് സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കേണ്ടതാണ്. ചില വിനോദങ്ങളും പരിപാടികളും ഉണ്ടാകാറുണ്ട്. അത് എന്തിനെന്നാൽ അല്ലാഹുവിനോടുള്ള കടമകളും മനുഷ്യരോടുള്ള കടമകളും നിർവഹിക്കുന്നതിന് ആരോഗ്യമുള്ള ശരീരത്തിന്റെ ആവശ്യമുണ്ട്. വാസ്തവത്തിൽ അൻസ്വാറുല്ലായുടെ പ്രായം കളിതമാശകളുടേതല്ല. 22, 23 വയസ്സിനുശേഷം പൊതുവെ സ്ത്രീകൾ കളികളിൽ കൂടുതൽ താൽപര്യം കാണിക്കാറുമില്ല. അതിനാൽ കായിക മത്സരങ്ങളുടെ ഉദ്ദേശ്യവും സ്വന്തം ആരോഗ്യത്തിലേക്ക് ശ്രദ്ധ ഉണ്ടായിരിക്കുക എന്നതാണ്. മത്സരങ്ങളിൽ പങ്കെടുക്കുന്നവർ മാത്രമല്ല മറിച്ച് മറ്റുള്ളവരും കുറഞ്ഞപക്ഷം പ്രഭാതസവാരിയോ ചെറിയ ചെറിയ വ്യായാമംകൊണ്ടോ തങ്ങളുടെ ശരീരങ്ങളെ ഉന്മേഷമുള്ളതാക്കി വെക്കേണ്ടതാണ്. എന്തായാലും ഇജ്തിമാകളുടെ ഉദ്ദേശ്യം നമ്മൾ നമ്മുടെ മതപരവും വൈജ്ഞാനികവുമായ കഴിവുകളെ തിളക്കമാർന്നതാക്കുന്നതിലേക്ക് ശ്രദ്ധിക്കുക എന്നതാണ്.

ഖുത്ബയിൽ അൻസ്വാറുല്ലായെ സംബോധന ചെയ്ത് കുറച്ച് പറയണമെന്ന് സ്വദ്ർ സാഹിബ് അൻസ്വാറുല്ലാഹ് എന്നോടു പറയുകയുണ്ടായി. മനുഷ്യന്റെ ചിന്ത mature (പക്വം)ആകുന്ന പ്രായമാണ് അൻസ്വാറുല്ലായുടേത്. അത് ദൃഢമാകുന്നു. അവർക്ക് സ്വയം തങ്ങളുടെ ചുമതലകളെക്കുറിച്ച് ബോധമുണ്ടാകേണ്ടതാണ്. ആ ഉത്തരവാദിത്വത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഒന്ന് പ്രായം ദൃഢമാകുക എന്നത്. രണ്ട് ആ വലിയ പ്രായക്കാരുടെ മജ്‌ലിസിന്റെ പേര് അൻസ്വാറുല്ലാഹ് ആകുക എന്നത്. ഇതുരണ്ടും എല്ലാ അംഗങ്ങൾക്കും 40 വയസ്സിനുമേൽ പ്രായമുള്ള എല്ലാ അഹ്മദി പുരുഷന്മാർക്കും തങ്ങളുടെ ഉത്തരവാദിത്വം നിർവഹിക്കുന്നതിലേക്ക് ബോധമുണ്ടാക്കാൻ പര്യാപ്തമാണ്. ഒരു നാസ്വിർ നിർവഹിക്കേണ്ടതായ ഈ ഉത്തരവാദിത്വം അല്ലെങ്കിൽ ഉത്തരവാദിത്വങ്ങൾ എന്താണ്? അതിന്റെ സംക്ഷിപ്തമാണ് അൻസ്വാറുല്ലായുടെ പ്രതിജ്ഞയിൽ വിവരിക്കപ്പെട്ടിട്ടുള്ളത്.

എല്ലാ നാസ്വിറും മജ്‌ലിസ് അൻസ്വാറുല്ലായിലെ ഓരോ അംഗവും ഇസ്‌ലാമിന്റെ കെട്ടുറപ്പിലും അഹ്മദിയ്യത്തിലും സത്യഹൃദയത്തോടെ നിലകൊള്ളുന്നതിന് ശ്രമിക്കേണ്ടതാണ്. ഇസ്‌ലാമിനെ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള ശ്രമം നിങ്ങളുടെ അറിവുകൊണ്ടും ശക്തികൊണ്ടും സാധിക്കുകയില്ല. ഇസ്‌ലാം അല്ലാഹുവിനാൽ അയക്കപ്പെട്ടിട്ടുള്ള മതമാണ്. അധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ പരിപൂർണവും തികവുറ്റതുമായ മതമാണ്. ഇതിൽ ഒരു മനുഷ്യനും മറ്റൊരു ശക്തിയും ഉണ്ടാക്കരുത്. അതേ, ഈ പരിപൂർണവും തികവുറ്റതുമായ ദീനിന്റെ ശക്തമായ ഭാഗമാകുന്നതിനും സ്വയമേവ അതുമായി ശക്തമായ ബന്ധം ഉണ്ടാക്കുന്നതിനും ശ്രമിക്കേണ്ട ആവശ്യമുണ്ട്. അല്ലാഹുവുമായിട്ടുള്ള ബന്ധം ഉണ്ടാകാത്തിടത്തോളം ഇക്കാര്യം നടക്കുകയില്ല. ഇതിനുവേണ്ടി എല്ലാ അഹ്മദികളും പരിശ്രമിക്കേണ്ടതാണ്. അൻസ്വാറുല്ലായുടെ നിലവാരം ഏറ്റവും ഉന്നതമായിരിക്കേണ്ടതാണ്. നബി(സ) തിരുമേനിയുമായി ബന്ധമുണ്ടാകാത്തിടത്തോളം അല്ലാഹുവുമായിട്ടുള്ള ബന്ധം പൂർണമാകുകയില്ല. ഇതിനുവേണ്ടി നബി(സ)തിരുമേനിയുടെമേൽ സ്വലാത്തും സലാമും ചൊല്ലാനും അതിലേക്ക് ശ്രദ്ധിക്കാനും അല്ലാഹു സ്വയം നമ്മളോടു കല്പിച്ചു. ഇത് വളരെ നിർബന്ധമായ കാര്യമാണ്. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നതിന്റെ കടമ നിറവേറ്റേണ്ടതാണ്. ഇക്കാലഘട്ടത്തിൽ അല്ലാഹു ഇസ്‌ലാമിക പ്രചാരണം സമ്പൂർത്തീകരിക്കുന്നതിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചു. അഹ്മദിയ്യത്തിൽ സത്യഹൃദയത്തോടെ നിലകൊള്ളുന്നുവെന്ന് സ്ഥാപിതമാകുന്നത് നമ്മൾ ഇസ്‌ലാമിക പ്രചാരണത്തിലും ഇസ്‌ലാമിക പ്രബോധനത്തിലും പൂർണമായും ഭാഗഭാക്കായിക്കൊണ്ട് സ്വയമേവ അൻസ്വാറുല്ലാ ആണെന്ന് സ്ഥാപിക്കുമ്പോഴാണ്. അതിനാൽ, ഇതാണ് ഒരു ചുമതല.

പിന്നീട് നിങ്ങൾ ചെയ്തിട്ടുള്ള ഒരു പ്രതിജ്ഞ അഹ്മദിയ്യാ ഖിലാഫത്തിനോടു കൂറിന്റെ ബന്ധം പുലർത്തുമെന്നും അതിന്റെ സംരക്ഷണത്തിനായി പരിശ്രമിക്കുമെന്നുമാണ്. ഖിലാഫത്തിന്റെ പ്രവർത്തനങ്ങളിലും പരിപാടികളിലും മുന്നോട്ടു പോകുന്നതിനുവേണ്ടി അൻസ്വാർ അതിന്റെ സഹായികളാകുമ്പോഴാണ് ഈ പരിശ്രമമുണ്ടാകുന്നത്. ഇതു സാധ്യമാകുന്നത് അൻസ്വാർ സ്വയമേവ ഖലീഫ പറയുന്ന കാര്യങ്ങൾ കേൾക്കുന്നതിലേക്ക് ശ്രദ്ധ ചെലുത്തുമ്പോഴാണ്. അതിനുവേണ്ടി അല്ലാഹു ഇക്കാലഘട്ടത്തിൽ നമുക്ക് എം.ടി.എ എന്ന അനുഗ്രഹവും തന്നിരിക്കുന്നു. ഇതു മുഖേന ദൂരെ ഇരുന്നാണെങ്കിലും ഇക്കാര്യങ്ങൾ കേൾക്കാവുന്നതാണ്. അതിനാൽ അൻസ്വാറുല്ലാക്ക് അതുമായി തങ്ങളെ ബന്ധിപ്പിക്കേണ്ട ആവശ്യമുണ്ട്; ഇപ്രകാരംതന്നെ സന്താനങ്ങളേയും ഖിലാഫത്തുമായി ബന്ധിപ്പിക്കുമെന്നും പ്രതിജ്ഞ ചെയ്തിട്ടുള്ളതാണ്. മറ്റു തർബിയ്യത്തുപരമായ കാര്യങ്ങൾക്കു പുറമെ തലമുറ തലമുറയായി ഈ കൂറിന്റെ പരമ്പര മുന്നോട്ടു പോകുന്നതിനും നിലനില്ക്കുന്നതിനും ഇസ്‌ലാമിന്റെ സേവനവും ഇസ്‌ലാമിന്റെ പ്രചാരണ പ്രവർത്തനങ്ങളും എപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതിനും നിങ്ങളുടെ മക്കളേയും ഈ മാർഗത്തിലൂടെ ഖിലാഫത്തുമായി ബന്ധിപ്പിക്കുക. കാരണം ഇസ്‌ലാമിക പ്രചാരണ പ്രവർത്തനം ഹദ്റത്ത് മസീഹ് മൗഊദ്(അ)നുശേഷം അവിടത്തെതന്നെ വിളംബരമനുസരിച്ച് ഖുദ്റത്ത് ഥാനിയ(രണ്ടാം ശക്തിപ്രഭാവം)മുഖേന ഉണ്ടാകേണ്ടതാണ്. അത് ഖിലാഫത്ത് വ്യവസ്ഥിതിയാണ്. ഇതിനുവേണ്ടി ചെയ്തിട്ടുള്ള എല്ലാ ത്യാഗങ്ങളുടേയും പ്രതിജ്ഞയിൽ ദൃഷ്ടിപതിപ്പിക്കുക. എല്ലാ ത്യാഗങ്ങളും ചെയ്യുമെന്ന് നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളതാണ്. അല്ലാഹു എല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ.

ഇപ്രകാരംതന്നെ ഞാൻ പറഞ്ഞതുപോലെ ലജ്ന ഇമായില്ലായുടേയും ഇജ്തിമാ നടക്കുകയാണ്. ലജ്ന ഇമായില്ലായുടേയും ഒരു പ്രതിജ്ഞയുണ്ട്. അതിനെ അവർ എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. അല്ലാഹുവിന്റെ കൃപയാൽ ലജ്ന ഇമായില്ലായുടെ ഭൂരിഭാഗവും മാശാ അല്ലാഹ് കൂറോടുകൂടി നിലകൊള്ളുന്നവരാണ്. വിശ്വാസാദർശങ്ങളുടെ അടിസ്ഥാനത്തിൽ ഭൂരിഭാഗവും ശക്തരാ

ണ്. പക്ഷേ, എല്ലാ അഹ്മദി സ്ത്രീകളും തങ്ങളുടെ കർമപരമായ അവസ്ഥകൾ അല്ലാഹുവും അവന്റെ റസൂലും കല്പിച്ചിട്ടുള്ള നിലവാരത്തിൽ കൊണ്ടു വരേണ്ടതാണ്.

ഞാൻ പറഞ്ഞതുപോലെ ലജ്ന ഇമായില്ലാക്കും ഒരു പ്രതിജ്ഞയുണ്ട്. തങ്ങളുടെ ഫംഗ്ഷനുകളിലും ഇജ്തിമാകളിലും ഈ പ്രതിജ്ഞ ചൊല്ലാറുണ്ട്; ഞങ്ങൾ ഞങ്ങളുടെ മതത്തിനുവേണ്ടി എല്ലാവിധ ത്യാഗങ്ങൾക്കും തയ്യാറായിരിക്കുമെന്ന്. മതം ചോദിക്കുന്ന ആദ്യത്തെ ത്യാഗം തങ്ങളുടെ എല്ലാ ഭൗതികോദ്ദേശ്യങ്ങളും പിന്നിലാക്കി കർമപരമായ അവസ്ഥയെ മതാധ്യാപനങ്ങളനുസരിച്ച് വാർത്തെടുക്കുക എന്നതാണ്. ഒരു അഹ്മദീ സ്ത്രീയുടെ സത്യസന്ധതയുടെ നിലവാരം ഏറ്റവും ഉന്നതമായിരിക്കേണ്ടതാണ്. സ്ത്രീകളെ സംബന്ധിച്ചുള്ള കല്പനകളനുസരിച്ച് പ്രവർത്തിക്കാനുള്ള ശ്രമമാണ് പിന്നീടുള്ളത്. സ്ത്രീക്ക് തന്റെ പവിത്രതയും ചാരിത്രവും സംരക്ഷിക്കുന്നതിന് അല്ലാഹു പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ പർദയ്ക്ക് സുപ്രധാനമായ പങ്കാണുള്ളത്. അതിൽ ഏതെങ്കിലും അഹ്മദി സ്ത്രീ ദുർബലയാണെങ്കിൽ അവൾ കർമപരമായി തന്റെ പ്രതിജ്ഞ പൂർത്തിയാക്കുന്നില്ല. സമൂഹത്തിനോടുള്ള ഭയവും ഭൗതികമായ ആഗ്രഹങ്ങളും ഒരു അഹ്മദിയേയും മതാധ്യാപനങ്ങളിൽനിന്ന് ദൂരെക്കൊണ്ടുപോകുന്നതാകാൻ പാടില്ല. പ്രത്യുത എല്ലാ അഹ്മദീ സ്ത്രീയും അല്ലാഹു നല്കിയിട്ടുള്ള പാഠമനുസരിച്ച് തങ്ങളുടെ കർമപരമായ അവസ്ഥയെ ആക്കിത്തീർക്കേണ്ടതാണ്.

സത്യസന്ധതയിൽ എപ്പോഴും നിലകൊള്ളുമെന്നുള്ള പ്രതിജ്ഞയാണ് ഒന്ന്. ഇതിൽ സത്യസന്ധതയുടെ യഥാർഥ ആത്മാവ് അനുസരിച്ച് നമ്മൾ നിലകൊള്ളുന്നുണ്ടോ എന്ന് ഓരോരുത്തരും അവരുടെ നിലവാരം നോക്കേണ്ടതാണ്. ഇപ്രകാരം തന്നെ സന്താനങ്ങൾക്ക് ശിക്ഷണം നല്കുമെന്ന പ്രതിജ്ഞയുണ്ട്. അതും പൂർണമായ നിലയിൽ നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്; അവർ ദീനുമായി ബന്ധമുള്ളവരാണോ? കുട്ടികളുടെ ഏറ്റവും ഉന്നതമായ ശിക്ഷണസ്ഥലം അവന്റെ മാതാവാണ്. നമ്മുടെ എല്ലാ സ്ത്രീകളും ഈ ഉത്തരവാദിത്വം നിറവേറ്റുന്നവരാകുകയാണെങ്കിൽ എന്നല്ല ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞത്, അമ്പതു ശതമാനമെങ്കിലും ആകുകയാണെങ്കിൽ അവർ തലമുറകളുടെ ജാമ്യക്കാരികളായി മാറുമെന്നാണ്. (അൻവാറുൽഉലൂം വാള്യം 17 പേജ് 296)

അവരുടെദീനിനെസുവർണമാക്കുന്നവരായിത്തീരുന്നതാണ്. അല്ലാഹുവുമായി ബന്ധം ചേർക്കുന്നവരായിത്തീരുന്നതാണ്. ഇപ്രകാരംതന്നെ തങ്ങളുടെ മക്കളിൽ തങ്ങളുടെ ജനതയ്ക്കും രാജ്യത്തിനുംവേണ്ടി ത്യാഗത്തിന്റെ വികാരം ഉണ്ടാക്കേണ്ടതും ഉമ്മമാരുടെ ജോലിയാണ്. ഇതും പ്രതിജ്ഞയാണ്. നിങ്ങളുടെ പ്രതിജ്ഞകളിൽ ഉള്ളതുമാണ്. അവരുടെ ബുദ്ധിയെ പരിപൂർണ നിലയിൽ നിയമം പാലിക്കുന്നതിന് തയ്യാറാക്കേണ്ടതും ഉമ്മമാരുടെ ജോലിയാണ്. നന്മയും തിന്മയും തമ്മിലുള്ള വ്യത്യാസമുണ്ടാക്കേണ്ടതും ഉമ്മമാരുടെ ജോലിയാണ്. രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി തങ്ങളുടെ പങ്കു നിർവഹിക്കേണ്ടതും അതിലേക്ക് ശ്രദ്ധക്ഷണിക്കേണ്ടതും ഉമ്മമാരുടെ ജോലിയാണ്. ഖിലാഫത്തുമായി കുട്ടികളെ ബന്ധപ്പെടുത്തുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യേണ്ടത് പിതാക്കളുടെ ജോലിയാണെന്ന പോലെ മാതാക്കളുടേയും ജോലിയാണ്. അതിനാൽ ഈ സുപ്രധാന ചുമതല എല്ലാ ഉമ്മമാരും മനസ്സിലാക്കിയിരിക്കേണ്ടതാണ്. അല്ലാഹു അതിനും തൗഫീഖ് നല്കുമാറാകട്ടെ.

ഇതുപോലെ നാസ്വിറാത്തുൽ അഹ്മദിയ്യായുടെ ഇജ്തിമാഉം ലജ്നയോടൊപ്പം നടക്കുകയാണ്. നാസ്വിറാത്തും പ്രതിജ്ഞ ചെയ്യുന്നുണ്ട്. അവരും അവരുടെ പ്രതിജ്ഞ നിറവേറ്റേണ്ടതാണ്. 14, 15 വയസ്സ് ബോധം വരുന്ന പ്രായമാണ്. നന്മയും തിന്മയും തിരിച്ചറിയുന്ന പ്രായമാണ്. ഈ പ്രായത്തിലാണ് നിരവധി ആഗ്രഹങ്ങളുമുണ്ടാകുന്നത്. ഭൗതികതയിലേക്കാണ് ദൃഷ്ടിയെങ്കിൽ ഭൗതികാഗ്രഹങ്ങൾ ദീനിന്റെമേൽ വലയം ചെയ്യപ്പെടുന്നു. അതുകൊണ്ട് എല്ലാ അഹ്മദി കുട്ടികൾക്കും വളരെ സൂക്ഷ്മത പാലിക്കേണ്ട ആവശ്യമുണ്ട്. എല്ലാ അഹ്മദീ കുട്ടികളും നിരർഥമായ ഭൗതികാഗ്രഹങ്ങളുടെ പിന്നാലെ പോകുന്നതിനുപകരം ഉന്നതമായ ഉദ്ദേശ്യങ്ങൾ കരസ്ഥമാക്കുന്നതിന് പരിശ്രമിക്കുന്നവരാകാൻ തങ്ങളുടെ പ്രതിജ്ഞകൾ അയവിറക്കികൊണ്ടിരിക്കേണ്ട ആവശ്യമുണ്ട്. ആ ഉന്നതമായ ഉദ്ദേശ്യങ്ങൾ നാസ്വിറാത്തിന്റെ പ്രതിജ്ഞയിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. മതത്തിനും ജനതയ്ക്കും ദേശത്തിനും സേവനം ചെയ്യാൻ എപ്പോഴും തയ്യാറായിരിക്കുന്നതും സദാ സത്യസന്ധതയിൽ നിലകൊള്ളുന്നതും അഹ്മദിയ്യാ ഖിലാഫത്തിനുവേണ്ടി സകല ത്യാഗങ്ങൾക്കും തയ്യാറായിരിക്കുന്നതുമാണ്. നമ്മുടെ കുട്ടികൾ ഈ പ്രതിജ്ഞയെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കുകയാണെങ്കിൽ അവർ തങ്ങളുടെ ജീവിതം സുരക്ഷിതമാക്കുന്നതോടൊപ്പം വരുംതലമുറയുടെ ജീവിതത്തേയും സുരക്ഷിതരാക്കുന്നവരും അവരെ ഖിലാഫത്തുമായി ബന്ധിപ്പിക്കുന്നവരുമാകും. അല്ലാഹു അവർക്കും തൗഫീഖ് നല്കുമാറാകട്ടെ. ഈ ഇജ്തിമാ എല്ലാവിധത്തിലും അനുഗൃഹീതമാകട്ടെ

ഇജ്തിമാഇനെ സംബന്ധിച്ച് ഈ ഹ്രസ്വമായ കാര്യം പറഞ്ഞതിനുശേഷം കഴിഞ്ഞ ദിവസം നമ്മളിൽനിന്ന് അകന്നുപോയ ഒരു പ്രിയപ്പെട്ട കുട്ടിയെ സ്മരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞയാഴ്ച ഒരു അപകടത്തിൽപ്പെട്ട് നമ്മുടെ ഒരു പ്രിയപ്പെട്ട കുട്ടി നമ്മളിൽനിന്ന് വേർപെട്ടുപോയിരുന്നു. കുറച്ചു ദിവസം മുമ്പേ യു.കെ.ജാമിഅ അഹ്മദിയായിലെ, ജാമിആയിലെ വിദ്യാഭ്യാസം ഏകദേശം പൂർത്തിയാക്കിയിരുന്ന മറ്റൊരു പ്രിയപ്പെട്ട യുവവിദ്യാർഥിയും കുറച്ചുദിവസത്തെ രോഗത്തിന് ശേഷം നമ്മളിൽനിന്ന് അകന്നുപോയി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

ഞാൻ സ്മരിക്കാൻ പോകുന്ന കുട്ടിയുടെ പേര് മള്ഹർ അഹ്സൻ എന്നാണ്. രോഗം കാരണത്താൽ അവസാന വർഷ പരീക്ഷ കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. പക്ഷേ, ഏതുരീതിയിലാണോ ഈ പ്രിയപ്പെട്ട യുവാവ് ജീവിച്ചിരുന്നത്, പരീക്ഷപാസായാലും ഇല്ലെങ്കിലും മുറബ്ബിയും മുബല്ലിഗും തന്നെയായിരുന്നു. അല്ലാഹു ഈ യുവാവിന്റെ ഉള്ളിൽ എങ്ങനെയാണ് ദീനീസേവനം ചെയ്യേണ്ടതെന്നും എങ്ങനെയാണ് തന്റെ സ്വഭാവങ്ങളും തന്റെ അവസ്ഥയും അല്ലാഹു പറഞ്ഞിട്ടുള്ള കല്പനകളുനുസരിച്ച് വാർത്തെടുക്കേണ്ടതെന്നും അതനുസരിച്ച് പ്രവർത്തിക്കേണ്ടതെന്നും എന്നതിനെ കുറിച്ച് ഒരു ആവേശമുണ്ടാക്കിയിരുന്നു. ലോകത്ത് വരുന്ന ഓരോ മനുഷ്യനും ഒരുനാൾ ഇവിടെ നിന്ന് പോകേണ്ടതാണ്. പക്ഷേ, അല്ലാഹുവിന്റെ ഇഷ്ടത്തിനനുസരിച്ച് തന്റെ ജീവിതം വാർത്തെടുക്കാൻ ശ്രമിക്കുന്നവനും അതിൽ വിജയിക്കുന്നവനും ഭാഗ്യവാനാണ്.

ഈ പ്രിയപ്പെട്ട കുട്ടിയെ കുറിച്ച് ജാമിഅ അഹ്മദിയ്യായിലെ വിദ്യാർഥികളും അവന്റെ സുഹൃത്തുക്കളും ഉസ്താദുമാരും എനിക്കെഴുതിക്കൊണ്ടിരിക്കുന്നു. മരിച്ച ഒരാളുടെ നല്ലകാര്യങ്ങൾ സ്മരിക്കുക എന്നത് വെറുമൊരു ആചാരപരമായ കാര്യമൊന്നുമല്ല. മറിച്ച് ഈ കുട്ടി ആത്മാർഥതയുടേയും കൂറിന്റേയും കർമത്തിന്റേയും ഒരു മാതൃകയായിരുന്നു എന്നത് വ്യക്തിപരമായിട്ട് എനിക്കറിയാവുന്നതാണ്. അല്ലാഹു അവന്റെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. പരേതനായ ഈ കുട്ടി മാതാപിതാക്കളുടെ ഏക മകനായിരുന്നു. അവന് രണ്ട് സഹോദരിമാരുണ്ട്. മാതാപിതാക്കൾ പ്രത്യേകിച്ചും മാതാവ് ക്ഷമയുടേയും അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തിയടയുന്നതിന്റേയും ഏറ്റവും നല്ല മാതൃകയാണ് കാണിച്ചത്. അല്ലാഹു അവർക്കും പ്രതിഫലം നല്കുമാറാകട്ടെ. അവരുടെ ക്ഷമ വർധിപ്പിച്ചുകൊടുക്കുമാറാകട്ടെ. ഇവർക്കെല്ലാവർക്കും തന്നിൽനിന്ന് സമാധാനത്തിന്റേയും ക്ഷമയുടേയും സാഹചര്യങ്ങൾ ഒരുക്കുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറഞ്ഞു: "മുസ്വീബത്തിന്റെ മുറിവുണങ്ങുന്നതിന് അല്ലാഹുവിൽ ഭരമേല്പിക്കുന്നതുപോലെ സൗഖ്യം നല്കുന്നതും സമാധാനം നല്കുന്നതുമായ ഒരു ഓയൻമെന്റുമില്ല."(മൽഫൂദാത്ത് വാള്യം 8 പേജ് 45)

അതുകൊണ്ട് അല്ലാഹുവിൽത്തന്നെ എപ്പോഴും ഭരമേല്പിക്കേണ്ടതാണ്. ഈ കുട്ടിയ്ക്ക് ക്യാൻസറായിരുന്നു. പരേതനായ ഈ കുട്ടിയും ക്ഷമയും സഹിഷ്ണുതയും ഉപദേശിച്ചുകൊണ്ടാണ് ഈ ലോകത്ത് നിന്ന് വിടപറഞ്ഞത്. ദുഃഖവും വിഷമവും എന്തായാലും ഉണ്ടാകുകതന്നെചെയ്യും. അത് സ്വാഭാവികമായ കാര്യമാണ്. മാതാവിനും പിതാവിനും സഹോദരിക്കും സഹോദരനുമാണ് ഏറ്റവും കൂടുതലുണ്ടാകുന്നത്. പക്ഷേ, ഈ ദുഃഖവും വിഷമവും ദുആകളിൽ വാർത്തെടുത്തു നമുക്ക് പരേതന്റെ പദവികൾ ഉയർത്തുന്നതിനും സ്വന്തം സഹനത്തിനും സമാധാനത്തിനുമുള്ള മാർഗമാക്കാവുന്നതാണ്. അല്ലാഹു ഈ അടുത്തബന്ധുക്കൾക്കും അതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ. അവന്റെ കുറച്ചു കാര്യം ഞാൻ പറയുകയാണ്.

ഈ കുട്ടിയ്ക്ക് ക്യാൻസറായിരുന്നു. ചികിത്സകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖമാകുകയും ചെയ്തിരുന്നു. പക്ഷേ, അതിനുശേഷം നെഞ്ചിൽ എന്തോ ഇൻഫെക്ഷനുണ്ടായി. അത് ഡോക്ടർമാർക്ക് അറിയാൻ കഴിഞ്ഞില്ല. ഇക്കാരണത്താൽ വഫാത്ത് സംഭവിച്ചു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പരേതന്റെ പ്രപിതാവ് മിസ്തരി നിളാമുദ്ദീൻ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. അവന്റെ മാതാമഹൻ ചൗദരി മുനവ്വർ അലി ഖാൻ സാഹിബും പിതാമഹൻ ഹാജി മൻളൂർ അഹ്മദ് സാഹിബും ഖാദിയാനിലെ ദർവേശുമാരിൽപ്പെട്ടവരായിരുന്നു. ഞാൻ പറഞ്ഞതുപോലെ ഈ കുട്ടി ജാമിഅ അഹ്മദിയ്യായിലെ വിദ്യാർഥിയായിരുന്നു. മൂസിയും ആയിരുന്നു.

ഞാൻ ഹ്രസ്വമായ കുറച്ചു കാര്യങ്ങളാണ് പറയുന്നത്. ദീർഘമായി സംസാരിക്കുമ്പോൾ ചില വികാരപരമായ കാര്യങ്ങളുണ്ട്, അതു ഒരുപക്ഷേ, വിവരിക്കാൻ പറ്റാതെ വരും. എന്തായാലും കുറച്ചു ഹ്രസ്വമായ കാര്യങ്ങൾ പറയുന്നതാണ്.

മള്ഹറിന്റെ ഉമ്മ പറയുന്നു: 'എനിക്ക് അഭിപ്രായം പറഞ്ഞുതരുന്നവനും എന്റെ രഹസ്യങ്ങൾ അറിയുന്നവനും ഒരു ഉസ്താദിനെപ്പോലെ എനിക്ക് ശിക്ഷണം നല്കുന്നവനുമായിരുന്നു. മാതാവും മകനും തമ്മിലുള്ള ബന്ധത്തോടൊപ്പം ഒരു അപൂ

## ഇർശാദുന്നബ്‌വി(സ)

"ഒരു നല്ല സുഹൃത്തിന്റേയും ചീത്ത സുഹൃത്തിന്റേയും സ്ഥിതി കസ്തൂരികൊണ്ടു നടക്കുന്നവനും ഉലയിൽ ഊതുന്നവനുംപോലെയാണ്."

(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## ഇർശാദുന്നബ്‌വി(സ)

"സത്യവിശ്വാസിയോടല്ലാതെ നീ സഹവസിക്കരുത്. മുത്തഖിയല്ലാതെ നിന്റെ ഭക്ഷണം തിന്നുകയുമരുത്.'

(തുർമുദി)

**ത്വാലിബെ ദുആ:**
**പി.യൂസുഫ് & കുടുംബാംഗങ്ങൾ**
**മാത്തോട്ടം**

## ഇർശാദുന്നബ്‌വി(സ)

"ഞാനറിയുന്നതെല്ലാം നിങ്ങൾ അറിയുന്ന പക്ഷം കുറച്ചുമാത്രം ചിരിക്കുകയും ധാരാളം കരയുകയും ചെയ്യുമായിരുന്നു.

(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

ർവരീതിയിലുള്ള understanding ഉണ്ടായിരുന്നു. അവൻ എന്നെ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു; ഞാൻ അവനേയും. തന്റെ ഉമ്മ ഏതു കാര്യത്തിലാണ് സന്തോഷിക്കുന്നതെന്നും ഏതു കാര്യമാണ് വെറുക്കുന്നതെന്നും അവന് അറിയാമായിരുന്നു. മിക്കപ്പോഴും അവൻ എന്നോടു ഖിലാഫത്ത് വ്യവസ്ഥിതിയേയും ഖലീഫത്തുൽ മസീഹിനേയും ജമാഅത്തിനേയും എല്ലാത്തിലുമുപരി നബി(സ) തിരുമേനിയേയും അവിടത്തെ സ്വഹാബാക്കളേയും അവിടത്തെ സത്യസന്ധനായ പ്രേമി ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും കുറിച്ചായിരുന്നു പറയാറുണ്ടായിരുന്നത്. ഈ Topic ആയിരുന്നു അവനിഷ്ടം. ഭൗതികമായ കാര്യം ഇടയിൽ വന്നാൽ 'അതുവിട്ടേക്കുക, നമുക്ക് അതുമായി എന്തു ബന്ധം' എന്നു പറയുമായിരുന്നു. ഈ വർഷം ജൽസയിൽ വരണമെന്ന് അവന് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ, അല്പം പ്രയാസമുണ്ടാകുമെന്ന് അവന് തോന്നി. അതുകൊണ്ട് എം.ടി.എ യിൽ കേൾക്കുന്നത് ഉചിതമായിരിക്കുമെന്ന് അവൻ മനസ്സിലാക്കി. മറ്റുകുടുംബാംഗങ്ങളെ പറഞ്ഞയക്കുകയും താനൊറ്റക്കിരുന്ന് കേട്ടുകൊള്ളുമെന്നും manage ചെയ്തുകൊള്ളുമെന്നും നിങ്ങൾ അതിനെ കുറിച്ച് ചിന്തിക്കേണ്ടെന്നും പറയുകയും ചെയ്തു. (ഗ്ലാസ്ഗോയിലായിരുന്നു അവരുണ്ടായിരുന്നത്). ഇങ്ങനെ രോഗമുണ്ടായിട്ടും നിങ്ങൾ പോയി ജൽസ കേൾക്കുക എന്ന് പറഞ്ഞ് വീട്ടുകാരെ അവൻ അയച്ചു. തന്റെ എല്ലാ ജോലിയും സ്വന്തം ചെയ്യുന്ന ശീലമായിരുന്നു. പറയുന്നു: 'രോഗത്തിന്നിടയിൽ അവന്റെ സ്വഭാവത്തിൽ കൂടുതൽ സ്ഥിരചിത്തതയും മൃദുലതയും വന്നിരുന്നു. ഒരിക്കലും മുൻകോപവും ദ്വേഷവുമൊന്നും അവന്റെ സ്വഭാവത്തിൽ കാണപ്പെട്ടിരുന്നില്ല.' ഞാൻ പറഞ്ഞതു പോലെ ഈ കുട്ടിക്ക് ക്യാൻസറായിരുന്നു. രോഗത്തിൽനിന്ന് ആദ്യം മുക്തി കിട്ടിയപ്പോൾ ക്ഷീണമുണ്ടായിട്ടും 'ജമാഅത്തിന്റെ എന്തെങ്കിലും പണി തന്നെക്കൊണ്ടെടുപ്പിക്കാൻ' അവൻ സ്കോട്ട്ലാന്റിലെ അമീർസാഹിബിനോടു പറയുകയുണ്ടായി. പിന്നീട് അവൻ അവിടെ ന്യൂസ് ലറ്റർ ഉണ്ടാക്കാൻ തുടങ്ങി. ജോലിചെയ്യുന്ന മറ്റുള്ളവരോടും in touch ഉണ്ടായിരുന്നു. എങ്ങനെ ജോലിചെയ്യണമെന്ന് അവർക്ക് പറഞ്ഞുകൊടുക്കുമായിരുന്നു.

ഇതുപോലെതന്നെ സ്കോട്ട്ലാന്റിലെ ലജ്നയുടേയും നാസിറാത്തിന്റേയും ഇജ്തിമാ ആയിരുന്നു. അവിടെ അവൻ അവർക്കുവേണ്ടി സർട്ടിഫിക്കേറ്റുകൾ ഡിസൈൻ ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ സ്ഥിരമായി വായിക്കുമായിരുന്നു. സെപ്റ്റംബർ 12ന് വീണ്ടും രണ്ടാമത്തെ ഇൻഫെക്ഷനുണ്ടായപ്പോൾ (ഇതേദിവസമാണെന്നാണ് തോന്നുന്നത്) പറയുന്നു: 'എന്നെ വിളിച്ചു. തന്റെ അടുത്ത് വന്നിരിക്കാൻ പറഞ്ഞു. എന്നിട്ട് പറഞ്ഞു: 'അല്ലാഹുവിന്റെ കൃപകടാക്ഷങ്ങളെ നമ്മുടെ വിരലുകളിൽ എണ്ണുക. അങ്ങനെ അല്ലാഹുവിന്റെ കൃപകൾ എണ്ണാൻ തുടങ്ങി. എന്നിട്ട് പറഞ്ഞു, മറ്റു കൃപകളും എണ്ണിക്കുക.

പറയുന്നു:'ഞാൻ അവനോടു പറഞ്ഞു, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എത്ര അധികമാണെന്നാൽ എനിക്ക് എണ്ണിത്തിട്ടപ്പെടുത്താൻ കഴിയില്ല. അതു കേട്ട് മള്ഹർ പറഞ്ഞു:'ഞാൻ ഇതുതന്നെയാണ് പറയാനാഗ്രഹിച്ചതും. അല്ലാഹുവിന്റെ കൃപകളേയും അവന്റെ ഔദാര്യങ്ങളേയും എപ്പോഴും ഓർമവെക്കുക. ഏതവസ്ഥയിലും അവന് നന്ദി പറഞ്ഞുകൊണ്ടിരിക്കുക.' പറയുന്നു:'മള്ഹർ എന്താണ് പറയുന്നതെന്ന് ആ നേരത്ത് എനിക്കു മനസ്സിലായിരുന്നില്ല. പക്ഷേ, അവൻ മാനസികമായി തയ്യാറെടുപ്പ് നടത്തുകയായിരുന്നു.'

പറയുന്നു തബ്ശീറിന്റെ അതിഥികൾ സ്കോട്ട്ലാന്റിൽനിന്ന് വന്നു. അവസാനം വന്ന ഖാഫിലയുടെ ഇൻചാർജ് രാജ ബുർഹാൻ സാഹിബായിരുന്നു. അദ്ദേഹം മള്ഹറിനെ കണ്ടു. അവന്റെ ആരോഗ്യം നല്ലതെന്ന് കണ്ട് വളരെ സന്തോഷിച്ചു.' പറയുന്നു: 'ഞാൻ മുറബ്ബി സാഹിബിനോടു പറഞ്ഞു, മള്ഹറിന് ജമാഅത്തിന്റെ ജോലി ചെയ്യുന്നത് ലഹരിയാണ്. ഭാവിയിൽ താൻ ഇങ്ങനെ ജോലി ചെയ്യും അങ്ങനെ ജോലി ചെയ്യും മുറബ്ബിയായാൽ ഇങ്ങനെ പ്രവർത്തിക്കും എന്നൊക്കെ പറഞ്ഞ് പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.'

2015 ഒക്ടോബറിൽ ക്യാൻസറാണെന്ന് പരിശോധനയിൽ തെളിഞ്ഞപ്പോൾ തന്റെ സഹോദരിയോടു പറഞ്ഞു, 'അമ്മിയോടു വളരെ സൂക്ഷിച്ചേ പറയാവൂ, അമ്മി കരയുന്നത് എനിക്കു സഹിക്കാൻ പറ്റുകയില്ല.'

ആശുപത്രിയിൽ നമസ്കരിക്കുകയും തിലാവത്ത് ചെയ്യുകയും എം.ടി.എയിൽ ഖുത്ബകൾ നിർബന്ധമായും കേൾക്കുകയും ചെയ്തിരുന്നു. ഓൺലൈനിലെ പരിപാടികളിൽ പദ്യങ്ങൾ, ചിത്രങ്ങൾ തുടങ്ങിയവ കാണാറുണ്ടായിരുന്നു. ക്ലാസ്സ് ഫെല്ലോകളുമായി സംസാരിക്കാറുമുണ്ടായിരുന്നു. ഉസ്താദന്മാരുമായും സംസാരിക്കുമായിരുന്നു. ഡോക്ടർമാരോടും നേഴ്സുമാരോടും ജമാഅത്തിന്റെ തബ്ലീഗ്പരമായ കാര്യങ്ങൾ പറയുമായിരുന്നു. അവസാനസമയംവരെ ആശുപത്രിയിൽ തന്റെ treatment ഇരുന്നുകൊണ്ടാണ് ചെയ്തിരുന്നത്. പീസ്കോൺഫ്രൻസ്, ജൽസ, ജമാഅത്തിന്റെ വിവിധ ആക്ടിവിറ്റീസിനെ ഉദ്ധരിച്ച് ഡോക്ടർമാരെ തബ്ലീഗ് ചെയ്തിരുന്നു. ഇവിടെ ജൽസയ്ക്കു ശേഷം മുറബ്ബിമാരുടെ മീറ്റിംഗ് നടക്കാറുണ്ട്. അതിൽ ജാമിഅയിൽനിന്ന് പഠിച്ചു പുറത്തിറങ്ങിയ അവന്റെ ക്ലാസും ഉൾപ്പെട്ടു. അപ്പോൾ മീറ്റിംഗിൽ തനിക്ക് പങ്കെടുക്കാൻ കഴിയുകയില്ലെന്നും അതിൽ പറയുന്ന കാര്യങ്ങൾ തന്റെ ജീവിതത്തിന്റെ ഭാഗമാക്കുന്നതിന് മീറ്റിംഗിൽ നടക്കുന്ന പരിപാടികളുടെ പോയന്റുകൾ തനിക്കും എഴുതി അയക്കണമെന്നും അവൻ അവർക്കെഴുതുകയോ സന്ദേശമറിയിക്കുകയോ ചെയ്തു. അവന് ഖിലാഫത്തിനോടു അങ്ങേയറ്റം സ്നേഹമായിരുന്നു. രിളായുടെ വഫാത്തിനെക്കുറിച്ച് പെട്ടെന്നറിഞ്ഞപ്പോൾ അവന്റെ ഉമ്മ പറയുന്നു: 'അവൻ ഇത്രമാത്രം കരയുന്നത് ആദ്യമായിട്ടാണ് കാണുന്നത്. ആദ്യം ഞാൻ പരിഭ്രമിച്ചുപോയി. പെട്ടെന്ന് വഫാത്തുണ്ടാകുകയാണെങ്കിൽ മാതാപിതാക്കൾക്കും കാലത്തിന്റെ ഖലീഫക്കും വിഷമമുണ്ടാകുമെന്ന ചിന്തയും അവനുണ്ടായിരുന്നു.'

പറയുന്നു: 'ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിൽ തൃപ്തരാണ്. അല്ലാഹുവിന്റേതാണ്, അല്ലാഹുവിന്റെ കാര്യങ്ങൾ അവൻതന്നെയാണ് നല്ലവണ്ണം അറിയുന്നവൻ. നമ്മുടെ ജോലി ദുആ ചെയ്യുക എന്നതായിരുന്നു. അല്ലാഹുവിന്റെ ജോലി സ്വീകരിക്കുക എന്നതാണ്. അവൻ സ്വീകരിച്ചാലും വേണ്ടില്ല, സ്വീകരിച്ചില്ലെങ്കിലും വേണ്ടില്ല.' പറയുന്നു: 'മള്ഹർ പോകുമ്പോഴും ഞങ്ങളെ നന്നാക്കിയാണ് പോയത്. സെപ്റ്റംബർ 13 പെരുന്നാൾ ദിവസം മള്ഹറിന് കഠിനമായ ചുമയുണ്ടായിരുന്നു. അവൻ എന്നോടു കാവ ഉണ്ടാക്കാൻ പറഞ്ഞു. കിടക്കയിൽപോയി കിടക്കുകയും ചെയ്തു. ചെന്നു നോക്കിയപ്പോൾ കഠിനമായ പനിയുമുണ്ടായിരുന്നു. ആംബുലൻസ് വരുത്തിച്ചു. പോയിക്കൊണ്ടിരിക്കുമ്പോൾ അവൻ വീണ്ടും പറഞ്ഞു, ഇന്ന് പെരുന്നാളാണ്. നിങ്ങൾ പെരുന്നാൾ നമസ്കരിക്കാൻ പൊയ്ക്കൊള്ളുക. എന്നോടൊപ്പം ആശുപത്രിയിൽവരേണ്ട ആവശ്യമില്ല. കുറച്ചു സമയം കഴിഞ്ഞ് ഞാൻ അവിടെനിന്ന് ഫോൺ ചെയ്ത് നിങ്ങളെ വിളിക്കാം. ഞാനും അവിടെച്ചെന്ന് ഈദു ഖുത്ബ കേൾക്കുന്നതാണ്. ആ രോഗത്തിലും അവൻ ഇക്കാര്യങ്ങൾ ഓർമവെച്ചു.'

'രാവിലെ അവൻ വഫാത്തായി. മള്ഹറിന്റെ ശബ്ദം വളരെ നല്ലതായിരുന്നു. അവൻ തന്റെ ഫോണിൽ സുബ്ഹി നമസ്കാരത്തിനോ തഹജ്ജുദിനോ അലാറം വെച്ചിരുന്നു. മള്ഹറിന്റെ സഹോദരി പറയുന്നു: 'അവന്റെ അവസാന ശ്വാസമായിരുന്നു, വേർപാടിന്റെ നേരം വന്നെത്തുകയായിരുന്നു. ആ നേരത്ത് അവന്റെതന്നെ ശബ്ദത്തിൽ ക്ഷണത്തിൽ ഫോണിൽ ബാങ്കിന്റെ ശബ്ദം മുഴങ്ങാൻ തുടങ്ങി. അത് അവരെ കൂടുതൽ വൈകാരികമായ അവസ്ഥയിലാക്കി.' പക്ഷേ, എന്തായാലും അല്ലാഹുവിന്റെ രിളാ ആയിരുന്നു ഇത്.

ഒരുപാട് സംഭവങ്ങൾ അവരെഴുതിയിട്ടുണ്ട്. തനിക്ക് ക്യാൻസറാണെന്നറിഞ്ഞപ്പോൾ അവന്റെ സഹോദരി ഉറൂബ പറയുന്നു, 'എല്ലാം തനിക്ക് സഹിക്കാൻ കഴിയുമെന്നും പക്ഷേ, അമ്മി കരയുന്നത് തനിക്ക് കാണാൻ കഴിയില്ലെന്നും അതുകൊണ്ട് വളരെ സൂക്ഷിച്ചേ അമ്മിയോടു പറയാവൂ എന്നും അവൻ പറഞ്ഞു. മള്ഹറിന് bone marrow ആയിരുന്നു. തന്റെ സഹോദരിയുടെ മജ്ജ അനുയോജ്യമായിരുന്നതുകൊണ്ട് അത് കൊടുക്കുകയും ചെയ്തു. ആദ്യം പറഞ്ഞത് മാച്ചു ചെയ്യുന്നില്ല എന്നായിരുന്നു. പിന്നീട് പരിശോധനയിൽ മാച്ചു ചെയ്യുന്നതായി തെളിഞ്ഞപ്പോൾ ഡോക്ടറും അത്ഭുതപ്പെട്ടു. അതു ചെയ്ത കാരണത്താൽ അല്ലാഹു ശിഫായും നല്കിയിരുന്നു. എന്തായാലും അവസാന വിധി ഇതായിരുന്നു. chemotherapyയുടെ ഇടയിലും ഡോക്ടർമാരെ തബ്ലീഗ് ചെയ്തുകൊണ്ടിരുന്നു. അല്ലാഹുവിൽ വലിയ തവക്കുലായിരുന്നു. ഒരു കാര്യത്തെ കുറിച്ചും ചിന്ത ഉണ്ടായിരുന്നില്ല. അല്ലാഹു തന്നെ നഷ്ടപ്പെടുത്തുകയില്ലെന്ന് എപ്പോഴും പറയുമായിരുന്നു. എന്തായാലും അല്ലാഹു ഇവിടെനിന്ന് ഇപ്പോൾ കൊണ്ടുപോയി. ഇൻശാഅല്ലാഹ് അടുത്തലോകത്ത് അവന്റെ ആഗ്രഹങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.

ഡോക്ടർ ഹഫീള് സാഹിബ് പറയുന്നു: 'ക്യാൻസറിന്റെ diagnoseനുശേഷം ഗ്ലാസ്ഗോയിൽ കാണാൻ പോയി. അവനെ അധികമായി അല്ലാഹുവിൽ ഭരമേല്പിക്കുന്ന വ്യക്തിയായി എനിക്കു കാണാൻ കഴിഞ്ഞു. 'അല്ലാഹുവിന്റെ ഔദാര്യങ്ങളെ എപ്പോഴും സ്മരിച്ചുകൊണ്ടിരിക്കാൻ ഇവനെപ്പോഴും പറയുന്നതായി' അപ്പോൾ അവന്റെ ഉമ്മ പറഞ്ഞു. ഗ്ലാസ്ഗോയിൽനിന്ന് ബേനസീർ അബ്ദുർറഹീം സാഹിബ പറയുന്നു: 'എന്റെ ബന്ധം ശ്രീലങ്കയുമായിട്ടാണ്. മള്ഹറിന്റെ ഉമ്മയും അവരുടെ പെൺമക്കളും ഞങ്ങളുടെ അടുത്ത സ്നേഹിതരാണ്. ക്യാൻസറാണെന്ന് കണ്ടപ്പോൾ അവരുടെ കുടുംബവുമായി കൂടുതൽ പരിചയമായി. ആശുപത്രിയിൽപ്പോയി. വളരെ ശാന്തനായി തന്റെ രോഗത്തെ കുറിച്ച് പറഞ്ഞു. കുറച്ചുകാലം രോഗത്തിനു ശമനവും കണ്ടിരുന്നു. ആ അവസരത്തിൽ ഗ്ലാസ്ഗോയിൽ നടന്ന അഞ്ചുകിലോമീറ്റർ ചാരിറ്റിവോക്കിലും പങ്കെടുത്തിരുന്നു. ഇത് വളരെ എളുപ്പമായിരുന്നുവെന്നും തനിക്കത് വേഗം ചെയ്യാൻ കഴിഞ്ഞുവെന്നും പറഞ്ഞു. വാസ്തവത്തിൽ ഒരു വലിയ രോഗത്തിലൂടെ കടന്നുപോകുമ്പോഴായി

## ഇർശാദുന്നബ്‌വി(സ)

"നിശ്ചയം! അറിയുക. അല്ലാഹുവിന്റെ കച്ചവടച്ചരക്ക് വിലപിടിച്ചതാണ്. അറിയണം! അല്ലാഹുവിന്റെ ചരക്ക് സ്വർഗമാണ്.."

(തുർമുദി)

**ത്വാലിബെ ദുആ:**
**എം.എ.മുഹമ്മദ് കോഴിക്കോട്**

## ഇർശാദുന്നബ്‌വി(സ)

"നന്മ ചെയ്തവനാരോ അവന് അതിന്റെ പത്തിരട്ടിയോ അതിൽ കൂടുതലോ പ്രതിഫലം ലഭിക്കും."

(മുസ്‌ലിം)

**ത്വാലിബെ ദുആ:**
**അബ്ദുസ്സമദ് , പഴയങ്ങാടി**

## ഇർശാദുന്നബ്‌വി(സ)

"ഒരു ദാസൻ തിന്നുകയോ കുടിക്കുകയോ ചെയ്തിട്ട് അതിന്റെ പേരിൽ അല്ലാഹുവിനെ സ്തുതിച്ചാൽ അത് അല്ലാഹുവിന് ഇഷ്ടപ്പെട്ട കാര്യമാണ്."

(മുസ്‌ലിം)

**ത്വാലിബെ ദുആ:**
**കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

രുന്നു ഇത്. chemotherapyതുടങ്ങിയവ വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന procedure ആയിരുന്നു.

ഹാഫിള് ഫള്‌ലെ റബ്ബി സാഹിബ് പറയുന്നു: 'വിശുദ്ധ ഖുർആൻ പഠിക്കാൻ വളരെ താൽപര്യമായിരുന്നു. വളരെ മനോഹരവും വേദനാനിർഭരവുമായ ശബ്ദത്തിൽ തിലാവത്ത് ചെയ്യാറുണ്ടായിരുന്നു. ജാമിആയിൽ വരുന്നതിന് മുമ്പേയും നാഷണൽ തഅ്‌ലീം ഖുർആൻ ക്ലാസ്സിൽ പങ്കെടുക്കുന്നതിന് തന്റെ കുടുംബത്തോടൊപ്പം ഗ്ലാസ്ഗോയിൽനിന്ന് ലണ്ടനിൽ വരാറുണ്ടായിരുന്നു. പറയുന്നു, ചില എമിഗ്രേഷന്റെ പ്രശ്നങ്ങളുണ്ടായിരുന്നു. കേസ് വിജയിക്കുന്നുണ്ടായിരുന്നില്ല. ഇക്കാരണത്താൽ ജാമിആയിൽ പഠിച്ചിട്ടും ഓരോ രണ്ടാഴ്ച കൂടുമ്പോഴും ഗ്ലാസ്ഗോയിൽ പോകേണ്ടി വന്നിരുന്നു. നിനക്ക് വളരെ ബുദ്ധിമുട്ടായിരിക്കുമെന്ന് ഞാൻ പറയാറുണ്ടായിരുന്നു. അപ്പോൾ 'ഏതെങ്കിലും വലിയ ഉദ്ദേശ്യം നേടാൻ ചെറിയ ചെറിയ ബുദ്ധിമുട്ടുകൾ ബുദ്ധിമുട്ടാകുകയില്ല' എന്നു പറയും.

വസീം ഫള്ൽ സാഹിബ് ജാമിആയിലെ ഒരു ഉസ്താദാണ്. അദ്ദേഹം പറയുന്നു: 'മള്ഹർ അഹ്സൻ വളരെ തന്റേടവും ഗൗരവവും മര്യാദയും സ്ഥിരചിത്തനുമായ വിദ്യാർഥിയായിരുന്നു. തങ്ങളുടെ ചുമതലകൾ വളരെ ആത്മാർഥതയോടും കൂറോടും സ്നേഹത്തോടും കഠിനാധ്വാനത്തോടും കൂടി നിർവഹിക്കുന്ന അല്പം ചില വിദ്യാർഥികളിൽപ്പെട്ടയാളായിരുന്നു. സംഘടനാപരമായ കാര്യങ്ങളിൽ വളരെ നല്ലയാളായിരുന്നു. പറയുന്നു: 'ഞങ്ങളുടെ ഹോസ്റ്റലിലെ ഭരണ നിർവാഹക സമിതിയിൽ ഒരുപാട് വർഷമായി prefect എന്ന നിലയിൽ സേവനമനുഷ്ഠിച്ചു വരികയായിരുന്നു. ഒരു അവസരത്തിൽ വളരെ പ്രധാനപ്പെട്ട ഒരു ജോലി അവനെ ഏൽപിക്കാൻ പോകുകയായിരുന്നു. ഈ ജോലി ഇവൻ ചെയ്യുമോ എന്ന് ആരോ ചോദിച്ചു. അപ്പോൾ ഒരു ഉസ്താദ് അവനെക്കുറിച്ചു പറഞ്ഞു:'ജോലി ഏല്പിച്ചതിനുശേഷം നമുക്ക് മള്ഹറിൽനിന്ന് മറഞ്ഞു നടക്കേണ്ടിവരുന്നു. കാരണം അവൻ പിന്നെ നമ്മളെക്കാൾ കൂടുതൽ ചിന്താപരതയോടും ഗൗരവത്തോടും സ്ഥിരചിത്തതയോടുംകൂടി ജോലിയിൽ മുഴുകുന്നതാണ്.' ഇദ്ദേഹം പറയുന്നു, 'കാര്യങ്ങൾ നോക്കി നടത്താനുള്ള മള്ഹറിന്റെ കഴിവുകളും നിസ്വാർഥമായ സേവനങ്ങളും ഈ ഒരു കാര്യത്തിൽനിന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്: കുറച്ചു വർഷംമുമ്പേ ജാമിഅ അഹ്മദിയ്യായുടെ വാർഷിക കായികവിനോദങ്ങളുടെ അവസരത്തിൽ മള്ഹറിന്റെ ചുമതല ളിയാഫത്ത് വകുപ്പിലായിരുന്നു. പരിപാടിയുടെ അവസാന ദിവസം അതിഥികൾ കൂടുതൽ വരുന്നതുകൊണ്ട് ഉച്ചഭക്ഷണത്തിനുള്ള ഏർപാടു ചെയ്യേണ്ടതുണ്ട്. മള്ഹർ ആ അവസരത്തിൽ രാത്രിമുഴുവൻ ഉറക്കമിളച്ച് എല്ലാ ജോലികളിലും സജീവമായി പങ്കെടുത്തു. ഒരു നിമിഷംപോലും വിശ്രമിച്ചില്ല. അടുത്ത ദിവസവും അത്യുത്സാഹത്തോടെ സേവനത്തിൽ മുഴുകി. പരിപാടികൾക്കുശേഷം ഈ വകുപ്പിനെ സംബന്ധിച്ച് വിശദവും എല്ലാം അടങ്ങുന്നതുമായ ഒരു റിപ്പോർട്ടും മള്ഹർ തയ്യാറാക്കുകയുണ്ടായി. അതിപ്പോഴും ഭരണ സമിതിയുടെ കൈയിലുണ്ട്. ഈ റിപ്പോർട്ടു മുഖേന ഈ വകുപ്പിന്റെ ജോലികളിൽ ഒരു പാട് സഹായം കിട്ടിക്കൊണ്ടിരിക്കുന്നു.'

ഹാഫിള് മശ്ഹൂദ് സാഹിബ് പറയുന്നു: 'കുറച്ചു കാലം മുമ്പേ മള്ഹറിനോടു ഫോണിൽ സംസാരിച്ചപ്പോൾ താൻ എത്രയും വേഗം സുഖംപ്രാപിച്ച് മുബല്ലിഗ് എന്ന നിലയിൽ ദീനിന് സേവനം ചെയ്യാനാഗ്രഹിക്കുന്നുവെന്ന് പറയുകയുണ്ടായി. ഇപ്പോൾ തന്റെ ചികിത്സ നടന്നുകൊണ്ടിരിക്കുകയാണ്. താൻ തന്റെ തദ്ദേശ ജമാഅത്തിൽ ജോലിയെടുക്കാൻ തുടങ്ങിയിരിക്കുന്നുവെന്നും പറയുകയുണ്ടായി. ഇപ്രകാരംതന്നെ ഒരു അവസരത്തിൽ ഗ്ലാസ്ഗോയിൽ നടക്കാൻ പോകുന്ന അഞ്ചു കിലോമീറ്റർ ചാരിറ്റിവോക്കിലും പങ്കെടുക്കുമെന്നും പറഞ്ഞു.'

ജമാഅത്തിന്റെ മുറബ്ബി മലിക് ഇക്റാം സാഹിബ് എഴുതി: 'മള്ഹർ അഹ്സൻ സാഹിബിന്റെ കുടുംബം ദുബായിൽനിന്ന് ഗ്ലാസ്ഗോയിലേക്ക് ഷിഫ്റ്റായപ്പോൾ ഞാൻ സ്കോട്ട്ലാന്റിൽ മുറബ്ബി എന്ന നിലയിൽ പ്രവർത്തിക്കുകയായിരുന്നു. ഈ കുടുംബം ഗ്ലാസ്ഗോയിൽ വന്ന ദിവസം മസ്ജിദിൽ എന്തോ പരിപാടി നടക്കുകയായിരുന്നു. അതിൽ ഈ കുടുംബവും പങ്കെടുത്തു. ദുആയ്ക്കുശേഷം മള്ഹർ അഹ്സൻ സാഹിബ് നേരെ പോയത് അടുക്കളയിലേക്കാണ്. കിച്ചൻ ടീമിനോടൊപ്പം എല്ലാ ജോലിയും കഠിനാധ്വാനത്തോടെ ചെയ്തുകൊണ്ടിരുന്നു. ആദ്യദിവസം മുതൽ ജാമിഅ അഹ്മദിയ്യായിൽ പോകുന്നതുവരെ മസ്ജിദിനും ജമാഅത്തിനും സേവനം ചെയ്തുകൊണ്ടിരുന്നു. വളരെ കുറച്ചുസംസാരിക്കുന്ന ലോലമായ സ്വഭാവത്തിന്റെ ഉടമയായിരുന്നു; ആന്തരികവും നിർമലം. ബാഹ്യവും നിർമലം. അനാവശ്യ സംസാരം നടക്കുന്ന സദസ്സുകളിലൊന്നും ഇരിക്കുമായിരുന്നില്ല. സമയം പാഴാക്കിയിരുന്നില്ല. സമയം കൃത്യമായി എങ്ങനെ വിനിയോഗിക്കണമെന്ന രീതി അദ്ദേഹത്തിന് അറിയാമായിരുന്നു. ജമാഅത്തിന്റെ മുബല്ലിഗ് എന്ന നിലയിൽ എന്റെ കൂടെ അധികവും ഉണ്ടാകുമായിരുന്നു. അവനെ ഞാൻ വളരെ അടുത്തുനിന്ന് കണ്ടു. ഉന്നത സ്വഭാവഗുണങ്ങളുടെ ഉടമയും വളരെ സാവധാനത്തിൽ സംസാരിക്കുന്നയാളും എല്ലാവരേയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന യുവാവുമായിരുന്നു. തന്റെ വഖ്ഫ് സ്വീകരിക്കപ്പെടണമെന്നും ജാമിഅ അഹ്മദിയ്യായിൽ ദീനീ വിദ്യാഭ്യാസം പൂർത്തിയാക്കി മുബല്ലിഗ് ആകണമെന്നും ദീനിന് സേവനം ചെയ്യണമെന്നുമുള്ളത് അവന്റെ ഹൃദയംഗമമായ ആഗ്രഹവും തിളപ്പുമായിരുന്നു. ജാമിഅ അഹ്മദിയ്യായിൽ പ്രവേശനം കിട്ടിയ ദിവസം തനിക്ക് ലോകത്തുള്ള നിഅ്മത്തു മുഴുവനും കിട്ടി എന്ന നിലയിലുള്ള സന്തോഷമായിരുന്നു. ഖിലാഫത്തിനോടു ആസക്തപരമായ സ്നേഹമായിരുന്നു.

ഗ്ലാസ്ഗോയിലെ ഖാഇദ് അർശദ് മഹ്മൂദ് സാഹിബ് എഴുതുന്നു:"ഞാൻ ഷാർജയിലെ ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ആയി നിയമിതനായി. ആദ്യം ഈ മള്ഹർ ഹസനും ഷാർജയിലായിരുന്നു. ഷാർജയിൽ നില്ക്കുന്ന കാലത്ത് ജമാഅത്തിലെ പരിപാടികളുടേയും ഇജ്തിമാകളുടേയും അവസരങ്ങളിൽ ഉണ്ടാകുന്ന വൈജ്ഞാനി ക കായിക മത്സരങ്ങളിൽ അത്യുത്സാഹത്തോടെ പങ്കെടുക്കുമായിരുന്നു. പട്ടണത്തിനു വെളിയിൽ ദൂരെയൊരു സ്ഥലത്തായിരുന്നു ഞങ്ങൾ ഇജ്തിമാ സംഘടിപ്പിച്ചിരുന്നത്. അതുകൊണ്ട് ഞങ്ങൾക്ക് വളരെ മുമ്പേ പോയി വഖാറെ അമലും മറ്റു തയ്യാറെടുപ്പുകളും നടത്തേണ്ടതുണ്ടായിരുന്നു. പരേതൻ ചെറുപ്രായമായിരുന്നിട്ടും എപ്പോഴും മുമ്പിലുണ്ടായിരുന്നു. അദ്ദേഹത്തിൽ വലിയ ധൈര്യമുണ്ടായിരുന്നു. പറയുന്നു:'ഒരിക്കൽ ഇജ്തിമാഇൽ ഫിൽബദീ പ്രസംഗ മത്സരമുണ്ടായി. ഈ മത്സരം പ്രയാസമുള്ളതായിരുന്നു. വിഷയവും പ്രയാസമായിരുന്നു. മള്ഹറും പങ്കെടുത്തു. തയ്യാറെടുപ്പൊന്നും കൂടാതെയായിരുന്നു പങ്കെടുത്തത്. ഖുദ്ദാം മള്ഹറിന്റെ പ്രസംഗം കേട്ട് ചിരിക്കാൻ തുടങ്ങി. എന്നാൽ, മള്ഹർ അഹ്സൻ തന്റെ പ്രസംഗം അതൊന്നും വകവെക്കാതെ പൂർത്തിയാക്കി. ഞാൻ അറച്ചുനിന്നിരുന്നെങ്കിൽ ഒരു ഫലവുമുണ്ടാകുകയില്ലായിരുന്നുവെന്ന് പിന്നീട് പറഞ്ഞു. ഇങ്ങനെതന്നെയാണ് സഭാകമ്പം ഇല്ലാതാകുന്നത്.' പിന്നീട് പറയുന്നു: 'ഖുദ്ദാമിന് മത്സരങ്ങളിൽ പങ്കെടുക്കുമ്പോൾ ഗൗരവമുണ്ടാകേണ്ടതാണ്. ആളുകൾ ചിരിക്കുന്നുണ്ടോ ഇല്ലേ എന്നൊന്നും മള്ഹർ നോക്കിയില്ല. സഭാകമ്പമില്ലാതാക്കാൻ ഒരിയൊരു മാർഗമേയുള്ളു, എങ്ങനെയാണോ അറിയുന്നത് അതുപോലെ സംസാരിച്ചുകൊണ്ടേ പോകുക എന്നാണെന്ന് അവൻ പറഞ്ഞു.'

നമ്മുടെ ഒരു ഗാംബിയൻ മുറബ്ബിയാണ് അബ്ദുർറഹ്മാൻ ചാം. ഇദ്ദേഹം കഴിഞ്ഞവർഷം ജാമിഅ പാസായി. ഇദ്ദേഹം പറയുന്നു:'ജാമിആയിലെ ജീവിതത്തിന്നിടയിൽ സഹോദരനുമൊത്ത് ഒരുപാട് സമയം ചെലവഴിച്ചു. ജാമിആയ്ക്കുശേഷം ഞങ്ങൾ വാട്ട്സ് ആപ്പ് (WhatsApp)മാർഗം ബന്ധപ്പെട്ടുകൊണ്ടിരുന്നു. പറയുന്നു:'എന്റെ സഹോദരൻ മള്ഹർ രോഗബാധിതനായതിനുശേഷം എനിക്കയച്ച മെസേജുകൾ സമർപിക്കുകയാണ്. 'ഞാൻ ഈ രോഗത്തിലൂടെ കടന്നപൊയ്ക്കൊണ്ടിരിക്കുകയാണ്, പക്ഷേ, യഥാർഥത്തിൽ അല്ലാഹു എന്നിൽ ഒരുപാട് ഔദാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഞാൻ അല്ലാഹുവിനോടു കൂടുതൽ നന്ദിയുള്ളവനായിരിക്കേണ്ടതാണ്. അതുകൊണ്ട് ഈ വേദനയിലൂടെ കടന്നുപോകുന്നത് ബുദ്ധിമുട്ടായി മനസ്സിലാക്കുന്നില്ല' എന്നതായിരുന്നു ഒരു മെസേജ്. പിന്നീട് വന്ന ഒരു മെസേജ് ഇങ്ങനെയായിരുന്നു:'ഞാൻ രോഗത്തെ സംബന്ധിച്ച് ചിന്തിക്കുന്നില്ല. പ്രത്യുത ഞാനെന്റെ ലക്ഷ്യസ്ഥാനത്തെയാണ് നോക്കിക്കൊണ്ടിരിക്കുന്നത്. ജമാഅത്തിന് ഏതു രീതിയിൽ നല്ല സേവനം ചെയ്യാൻ സാധിക്കുമെന്നതാണത്.'

അദ്ദേഹത്തിന്റെ ക്ലാസ്ഫെല്ലോയായ ശേയ്ഖ് ഥമർ പറയുന്നു: 'എപ്പോഴും ചിരിച്ചുകൊണ്ടുള്ള സ്വഭാവം. ആളുകളെ സന്തോഷിപ്പിക്കും. മള്ഹർ അഹ്സൻ എല്ലാവരോടും ഒരേരീതിയിൽ പെരുമാറി; അയാളാണ് തന്റെ ഉറ്റമാത്രമെന്നപോലെ. ഒരാൾക്കും ഏതെങ്കിലും രീതിയിലുള്ള അകൽച്ചയോ ധാർമികരോഷമോ തോന്നാൻ ഇടനല്കിയിരുന്നില്ല. ആരോടും ഒരിക്കലും വഴക്കിട്ടിട്ടില്ല. അവന്റെ മനസ്സ് വളരെ വലുതായിരുന്നു. എല്ലാ അവസരത്തിലും തബ്‌ലീഗ് ചെയ്യും. തബ്‌ലീഗിന്റെ ഒരു അവസരവും കൈയിൽനിന്ന് പോകാൻ അനുവദിക്കാറില്ല. ആശുപത്രിയിലായിരുന്നപ്പോൾ എപ്പോഴും തബ്‌ലീഗ് ചെയ്യുന്ന ഇയാൾ മുസൽമാനാണെന്ന് അവിടേയും അറിയപ്പെട്ടിരുന്നു. അവൻ കാരണത്താൽ ആർക്കും ഒരു പ്രയാസവും ഉണ്ടായിരുന്നില്ല. ആരേയും ഒരിക്കലും അനാവശ്യം പറഞ്ഞിട്ടില്ല. മറ്റുള്ളവരെ കഴിയുന്നിടത്തോളം സഹായിച്ചിരുന്നു. ചെറുതിൽ ചെറുതായ കാര്യങ്ങൾപോലും ശ്രദ്ധിച്ചിരുന്നു. എല്ലാവരോടും സ്നേഹത്തോടും സന്തോഷത്തോടുംകൂടി പെരുമാറിയിരുന്നു.'

മള്ഹറിന്റെ ക്ലാസ്സ്ഫെല്ലോയായ സാഹിർ മഹ്മൂദ് മുറബ്ബി പറയുന്നു: 'ഇത്തരം നല്ലൊരു വ്യക്തിത്വവുമായി ഏഴുവർഷം കഴിയാൻ അവസരം കിട്ടി. നിരവധി സൽഗുണങ്ങളുടെ ഉടമയായിരുന്നു. അതിഥിസൽക്കാര പ്രിയൻ, വിനയം, എളിമ തുടങ്ങിയവയിൽ ഉന്നതമാതൃകയായിരുന്നു. എപ്പോഴും സൽഭാവന പ്രകടിപ്പിക്കുന്ന വ്യക്തിയായിരുന്നു. എല്ലാ ജോലിയിലും സദ്വിചാരം. ജാമിആയിലെ ആദ്യ വർഷം പ്രീഫെക്റ്റ് (prefect) ആയിരുന്നു. കൃത്യ സമയത്ത് ലൈറ്റ് ഓഫ് ചെയ്ത് കുട്ടികളോടു ഉറങ്ങുക എന്ന് പറയൽ ലീഡറുടെ ജോലിയാണ്. നമസ്കാരത്തിന് ഉണർത്തുക, മുറിയിലെ ശുചിത്വം കാത്തുസൂക്ഷിക്കുക, എപ്പോഴെങ്കിലും എന്തെങ്കിലും വഴക്കുണ്ടായാൽ തടയുക ഇതെല്ലാം അയാളുടെ പണിയാണ്. വിദ്യാർഥികൾ അവനെ ബുദ്ധിമുട്ടിക്കുകയും ചെയ്തിരുന്നു.' പറയുന്നു: 'അവനെ ബുദ്ധിമുട്ടിക്കുമ്പോൾ ഞങ്ങൾക്കത് രസമായിരുന്നു.' പറയുന്നു: 'ഒരിക്കൽ ഞാൻ എന്തോ തെറ്റു ചെയ്തു. അതിന് എന്നെ അദ്ദേഹം വഴക്കു പറഞ്ഞു. കുറച്ചുമിനിറ്റുകൾ കഴിഞ്ഞപ്പോൾ എന്റെ അടുത്ത് വന്ന് മാപ്പു ചോദിക്കാനും കരയാനും തുടങ്ങി. വളരെ മൃദുല ഹൃദയനായിരുന്നു.' പറയുന്നു: 'എനിക്ക് സുഖമില്ലാതായാൽ ഞാൻ എഴുന്നേല്ക്കുന്നതിനുമുമ്പേ എന്റെ കിടക്കയുടെ അടുത്ത് പ്രഭാതഭക്ഷണം കൊണ്ടുവന്നു വെക്കുമായിരുന്നു. ജലദോഷമുണ്ടായാൽ ഞാൻ പറയാതെതന്നെ പെട്ടെന്ന് ചൂടുവെള്ളം തേനിൽ ഒഴിച്ച് കൊണ്ടുവരുമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ജീവസുറ്റ മനസ്സ്, ആത്മാർഥൻ, വിനയൻ, ദീനിന്റെ സത്യസന്ധൻ, പോരാളി, തഖ്‌വയുള്ളവൻ, കഠിനാധ്വാനി തുടങ്ങി ഏതു പദവും മള്ഹറിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്. മറ്റൊരു ഗുണം ഏതൊന്ന് തനിക്കുവേണ്ടി ഇഷ്ടപ്പെടുന്നുവോ അത് മറ്റുള്ളവർക്കുവേണ്ടിയും ഇഷ്ടപ്പെട്ടിരുന്നു എന്നതാണ്. തിന്നുന്നതിനും കുടിക്കുന്നതിനും എന്തെങ്കിലും കൊണ്ടുവന്നാൽ സ്നേഹിതന്മാർക്കും കൊണ്ടുവരുമായിരുന്നു. ലളിതമായ ജീവിതമായിരുന്നു. യുവത്വകാലത്ത് ചില കുട്ടികൾ ചെയ്യുന്നതുപോലെ അനാവശ്യ ചെലവുകൾ ഒരിക്കലും കണ്ടിട്ടില്ല. ശുചിത്വം വളരെയധികം ശ്രദ്ധിച്ചിരുന്നു. നമസ്കാരവും തഹജ്ജുദ് നമസ്കാരവും കൃത്യനിഷ്ഠയോടെ അനുഷ്ഠിച്ചി

രുന്നു.’ തന്നേയും ഉണർത്താറുണ്ടായിരുന്നുവെന്ന് അവന്റെ ഒരു ക്ലാസ്സ്ഫെല്ലോ പറയുകയുണ്ടായി. അദ്ദേഹം മുറിയിൽ ഒരു മുസ്വല്ല വെക്കാറുണ്ടായിരുന്നു.’ പറയുന്നു:‘രാത്രിയിൽ എഴുന്നേറ്റു നഫ്ൽ നമസ്കരിക്കുന്നത് ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്. മുടക്കം കൂടാതെ എല്ലാ ആഴ്ചയിലും നഫ്ൽനോമ്പ് നോക്കുമായിരുന്നു. ചന്ദ കൃത്യമായി കൊടുത്തിരുന്നു. എല്ലാ കാര്യങ്ങളിലും ക്രമീകരണമുണ്ടായിരുന്നു. തന്റെ സമയത്തെ ബുദ്ധിപൂർവം വീതിക്കുമായിരുന്നു. ജാമിആയിലെ നിത്യേനയുള്ള പഠനത്തിനുപുറമെ വിശുദ്ധഖുർആൻ തിലാവത്തു ചെയ്യുക പതിവായിരുന്നു. പിന്നീട് ജമാഅത്തിന്റെ ഗ്രന്ഥങ്ങളും കുറച്ചു വായിക്കും. ഏതു കാലാവസ്ഥയിലും വ്യായാമം ചെയ്യുമായിരുന്നു. നിത്യവും പത്രങ്ങൾ വായിക്കുമായിരുന്നു. പിന്നീട് ഉച്ചയ്ക്ക് അല്പം വിശ്രമിക്കുകയും ചെയ്യും. അതു കുറച്ചു മിനിറ്റുകൾ മാത്രമായിരിക്കും. രാത്രി ഉറങ്ങുന്നതിനുമുമ്പേ മുടങ്ങാതെ ഡയറി എഴുതും. ഇതൊക്കെയായിരുന്നു മള്ഹറിന്റെ പ്രത്യേകതകൾ. ഖുത്ബ ജുമുഅയുടെ നോട്ട്സ് എടുക്കുക പതിവായിരുന്നു. ഖുത്ബയുടെ പോയന്റുകൾ കൂട്ടുകാരുമൊത്ത് ഡിസ്കസ് (discuss) ചെയ്യും. അഹ്മദിയ്യാ ഖിലാഫത്തിന്റേയും അഹ്മദിയ്യാ ജമാഅത്തിന്റേയും സത്യസന്ധനായ അനുരക്തനായിരുന്നു. ഖിലാഫത്തിന്നെതിരിലോ ജമാഅത്തിന്നെതിരിലോ എന്തെങ്കിലും കേൾക്കുന്നത് സഹിക്കുമായിരുന്നില്ല. എല്ലാ ആഹ്വാനങ്ങൾക്കും ലബ്ബൈക്ക് പറയുമായിരുന്നു. മറ്റുള്ളവരേയും ഓർമിപ്പിക്കുമായിരുന്നു. തന്നെ ഖലീഫത്തുൽ മസീഹിന്റെ പട്ടാളക്കാരനായിട്ടാണ് മനസ്സിലാക്കിയിരുന്നത്. തീർച്ചയായും അങ്ങനെ തന്നെയായിരുന്നു. ഖിലാഫത്തിനുവേണ്ടി ജീവൻ ബലിയർപിക്കാൻ താൻ തയ്യാറാണെന്ന് എപ്പോഴും പറയുമായിരുന്നു. അത് വെറും വാക്കായിരുന്നില്ല. യഥാർഥത്തിൽ അതിന് തയ്യാറാണെന്ന് പ്രവർത്തിയിലൂടെ പ്രകടിപ്പിച്ചുകൊണ്ടിരുന്നു. പറയുന്നത് യഥാർഥത്തിൽ പ്രവർത്തിക്കുന്നവനായിരുന്നു. ക്യാൻസറാണെന്ന് പരിശോധയിൽ വ്യക്തമായി. അപ്പോൾ വിഷമിക്കരുതെന്ന് പറഞ്ഞ് തങ്ങൾക്ക് ധൈര്യം പകരുകയും അല്ലാഹുവിന്റെ മുമ്പിൽ കുനിയാൻ പറയുകയും ചെയ്തിരുന്നുവെന്ന് അവന്റെ സുഹൃത്തുക്കൾ പറയുന്നു. അല്ലാഹുവിലുള്ള വിശ്വാസവും തവക്കുലും ഉറച്ചതായിരുന്നു. തന്റെ രോഗം തന്റെമേൽ വന്ന ഒരു പരീക്ഷണമാണെന്ന് മനസ്സിലാക്കി സ്വീകരിച്ചു. ആരുടെ മുമ്പിലും എന്തെങ്കിലും പ്രയാസമോ ബുദ്ധിമുട്ടോ ഒരിക്കലും പ്രകടിപ്പിച്ചിരുന്നില്ല.

മള്ഹറിന്റെ ഒരു സ്നേഹിതനായ മുറബ്ബി ശർജീൽ എഴുതുന്നു:‘ഉൽകൃഷ്ട സ്വഭാവമുള്ളയാളും ഉറ്റ മിത്രവുമായിരുന്നു. ഒരുപാട് സവിശേഷ ഗുണങ്ങളുടെ ഉടമ. ഖിലാഫത്തിന്റെ സ്ഥാനം യഥാർഥ നിലയിൽ ഗ്രഹിച്ചയാൾ. അല്ലാഹുവിലുള്ള സമർപണം വളരെ ശക്തമായിരുന്നു. ജമാഅത്തിനുവേണ്ടി സർവവും ബലിയർപിക്കാൻ തയ്യാറായിരുന്നു. ഒരു അനുരക്തനായിരുന്നു. ആർക്കും ഒരു വിഷമവും നഷ്ടവും ഉണ്ടാക്കിയിരുന്നില്ല. എപ്പോഴും പുഞ്ചിരിച്ചുകൊണ്ടായിരുന്നു. ആര് എത്ര ബുദ്ധിമുട്ടിച്ചാലും ദ്വേഷം കാണിക്കുമായിരുന്നില്ല. ഒരിക്കലും കോപിക്കുമായിരുന്നില്ല. അനാവശ്യ സംസാരം ഒരിക്കലും ഉണ്ടായിരുന്നില്ല. വ്യർഥമായ സംസാരങ്ങളിൽ നിന്ന് എപ്പോഴും വിട്ടുനിന്നു. ഇന്നുവരെ എന്തെങ്കിലും ചീത്ത വാക്ക് പറയുന്നതായോ സംസാരിക്കുന്നതായോ കണ്ടിട്ടില്ല. എപ്പോഴും എല്ലാ ജോലിയും വലിയ ക്ഷമയോടും ഉത്സാഹത്തോടും ലയിച്ചും കഠിനാധ്വാനത്തോടും ഉത്തരവാദിത്വത്തോടും കൂടി ചെയ്തിരുന്നു. ഒരു ജോലിയും ഒരിക്കലും ചെറുതായി മനസ്സിലാക്കിയിരുന്നില്ല. എല്ലാവരേയും സഹായിക്കുമായിരുന്നു. അലസതയുടെ പേരോ അടയാളമോ അദ്ദേഹത്തിൽ ഉണ്ടായിരുന്നില്ല. ജാമിആയോടു അതീവ സ്നേഹമായിരുന്നു. ഇച്ഛാശക്തി വളരെ ശക്തമായിരുന്നു. ബുദ്ധിമുട്ടായിട്ടും ധൈര്യം കൈവെടിഞ്ഞിരുന്നില്ല. അവസാന സമയം വരെ തന്റെ രോഗത്തേയും ധൈര്യത്തോടെ സഹിച്ചു.’ ഇദ്ദേഹം പറയുന്നു:‘ആരേയും ഒരിക്കലും പരിഹസിച്ചിട്ടില്ല. എന്നല്ല ആളുകളെ അതിൽനിന്ന് തടയുമായിരുന്നു. ഒരു മുറബ്ബിയിൽ ഉണ്ടായിരിക്കേണ്ട സകല ഗുണവിശേഷങ്ങളും മള്ഹറിൽ ഉണ്ടായിരുന്നു. മള്ഹറിന്റെ സഹപാഠികൾ പറയുന്നു, മുമഹിദ മുതൽ-ആദ്യത്തെ ക്ലാസ്സുമുതൽ തികഞ്ഞ മുറബ്ബിയായിരുന്നു. തഖ്വ അഥവാ ഭയഭക്തിയുടെ നേർത്ത് വഴിയിലൂടെ സഞ്ചരിക്കുന്നയാളായിരുന്നു. തന്റെ ‌ ്യശാല്യ ന്റെ ശബ്ദവും കൂടുതലാണെന്ന് കണ്ട് മറ്റുള്ളവർ ഉറങ്ങുമ്പോൾ ്യശാ ചെയ്യുമായിരുന്നില്ല.

ഒരു തരത്തിലുള്ള കൃത്രിമവും ഉണ്ടായിരുന്നില്ല. ഉള്ളിലേതുപോലെതന്നെയായിരുന്നു വെളിയിലും. വാക്കും പ്രവൃത്തിയും ഒന്നായിരുന്നു. ഖുർആനിന്റെ കല്പന പാലിക്കുന്നയാളായിരുന്നു. അവന്റെ നോട്ട്സുകൾ മികച്ചതായിരുന്നു. തർജമത്തുൽ ഖുർആനിന്റെ നിയമത്തിന് വിധേയനായിക്കൊണ്ട് നോട്ട്സ് തയ്യാറാക്കിയിരുന്നു. ഇക്കാരണത്താൽ അവന്റെ തർജമ വളരെ നല്ലതായിരുന്നു.’

ജാമിആയിലെ ഒരു വിദ്യാർഥിയാണ് ആഫാഖ്. ഇപ്പോൾ മുറബ്ബിയായിരിക്കുന്നു. പാക്കിസ്താനിൽനിന്നു വന്ന് ഇവിടെ ചേർന്നതാണ്. ആദ്യം കുറച്ചു കാലം അവൻ പാക്കിസ്താനിൽ പഠിച്ചിരുന്നു. പിന്നീട് അവന്റെ മാതാപിതാക്കൾ ഇവിടെ വന്നു. അങ്ങനെ ഇവനും ഇവിടെ വന്നു. പറയുന്നു:‘ആളുകൾ എന്നെ കാണാൻ വന്നു. മള്ഹറും വന്നു. രണ്ടു മിനിറ്റിനുശേഷം പോയി. പിന്നീട് തിരിച്ചെത്തിയപ്പോൾ കൈയിൽ കിടക്കയും തലയിണയമുണ്ടായിരുന്നു. ‘നീ ഇതൊന്നും കൊണ്ടുവന്നിട്ടില്ല, അതുകൊണ്ട് ഞാൻ വാങ്ങി വന്നതാണ്. കാരണം ഇതിന്റെ ആവശ്യമുണ്ടാകും.’ ഇദ്ദേഹം പറയുന്നു, ‘ഞങ്ങളുടെ ക്ലാസ്സ് മൂന്നുമാസം മുമ്പേ സഹോദരനെ ശുശ്രൂഷിക്കുന്നതിനുവേണ്ടി സ്കോട്ട്ലാന്റിൽപോയി. അപ്പോൾ വളരെ സന്തോഷവാനായി കണ്ടു. വീട്ടിൽ പോയപ്പോഴും അവിടേയും സൽക്കാരത്തിനുള്ള ഏർപാടുകൾ ചെയ്തിട്ടുണ്ടായിരുന്നു. എന്തെങ്കിലും തിന്നുക എന്ന് പറഞ്ഞ് സമ്മർദം ചെലുത്തിയിരുന്നു.’

അല്ലാഹു അവന് കൂടുതൽ അവസരം നല്കിയില്ലെങ്കിൽത്തന്നെയും അങ്ങേയറ്റം മാന്യനും വഖ്ഫിന്റെ ആത്മാവിനെ മനസ്സിലാക്കിയ വ്യക്തിയുമായിരുന്നു. 26-ാം വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു. പക്ഷേ, തന്റെ സ്നേഹിതന്മാർക്ക് തർബിയ്യത്തു നല്കാനുള്ള അവസരം കിട്ടിയപ്പോഴെല്ലാം തർബിയ്യത്ത് നല്കി. തബ്ലീഗ് ചെയ്യാനുള്ള അവസരം കിട്ടിയപ്പോഴെല്ലാം തുറന്ന മനസ്സോടെ തബ്ലീഗ് ചെയ്തു. എന്നല്ല വരുന്ന എല്ലാ ഡോക്ടർമാരും എല്ലാ നേഴ്സുമാരും വായിക്കുന്നതിനുവേണ്ടി അവസാന നേരത്തും തന്റെ മുമ്പിൽ എന്തെങ്കിലും എഴുതി വെക്കുമായിരുന്നു. ആശുപത്രിയിലും വീട്ടിലുമായി രണ്ടുമൂന്നുപ്രാവശ്യം ഞാൻ ഫോണിലൂടെ സംസാരിച്ചിരുന്നു. വളരെ ഉത്സാഹത്തോടെയാണ് മറുപടി നല്കിയത്. എന്നല്ല മരുന്ന് കാരണത്തിൽ അവന്റെ വായിൽ കുറച്ച് കുരുക്കൾ പൊന്തിയിട്ടുണ്ടെന്നും അതിനാൽ സംസാരിക്കാൻ കഴിയുന്നില്ലെന്നും ഒരു ദിവസം അവന്റെ ഉമ്മ പറഞ്ഞു. പക്ഷേ, ഞാനുമായി സംസാരിച്ചപ്പോൾ ശരിയായ നിലയിൽ സംസാരിക്കുന്നുണ്ടായിരുന്നു. നീ വിശ്രമിക്കുക എന്ന് ഞാൻ അവനോടു പറയുകയും ചെയ്തു. പക്ഷേ, അങ്ങേയറ്റം കൂറോടും ആത്മാർഥതയോടുംകൂടി പറഞ്ഞു, ഇപ്പോൾ എനിക്കുണ്ടായിരിക്കുന്ന കുരുക്കൾ എന്നെ ബുദ്ധിമുട്ടിക്കുന്നില്ല. അല്ലാഹു അനുഗ്രഹവും ചെയ്തു. അതിനുശേഷം വായിൽപൊന്തിയ കുരുക്കൾ സുഖപ്പെടുകയും ചെയ്തു. അങ്ങേയറ്റം കൂറുപുലർത്തുന്നവനും തന്റെ ജീവിതത്തിന്റെ ഉദ്ദേശ്യം മനസ്സിലാക്കുന്നവനുമായ അഹ്മദി കുട്ടിയായിരുന്നു. അല്ലാഹു എപ്പോഴും അവനുമേൽ കാരുണ്യം വർഷിച്ചികൊണ്ടിരിക്കുമാറാകട്ടെ. അവന്റെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. നാം എപ്പോഴും അവനെ അല്ലാഹുവിന്റെ തൃപ്തിയിൽ സംതൃപ്തനായി കണ്ടു. അല്ലാഹു അവന് തന്റെ പ്രിയപ്പെട്ടവരുടെ ചുവടുകളിൽ ഇടം നല്കുമാറാകട്ടെ. ഇത്രമാത്രം സൂക്ഷ്മതയോടെ തന്റെ ഉദ്ദേശ്യത്തെ മനസ്സിലാക്കുന്ന ആയിരക്കണക്കിന് വാഖ്ഫീനെ അല്ലാഹു സൃഷ്ടിക്കുമാറാകട്ടെ. പ്രത്യേകിച്ചും അവന്റെ മാതാപിതാക്കൾക്കും സഹോദരിമാർക്കും വേണ്ടി ദുആ ചെയ്യുക. അല്ലാഹു അവർക്ക് ക്ഷമ പ്രദാനം ചെയ്തുകൊണ്ടിരിക്കുമാറാകട്ടെ.നമസ്കാരത്തിനുശേഷം ഞാൻ ജനാസ നമസ്കരിപ്പിക്കുന്നതാണ്. ജനാസ ഹാജരാണ്. ഞാൻ താഴെ പോകും. സഹോദരങ്ങൾ ഇവിടെത്തന്നെ സ്വഫ്ഫ് ശരിയാക്കുക.

---

**(പേജ് 1ൽ നിന്ന്)** ചെയ്യുക. തന്റെ എല്ലാ വിശേഷഗുണങ്ങളെക്കാളും കർമങ്ങളെക്കാളും വിശേഷപ്പെട്ടതാണ് ‘ഇസ്മുല്ലാഹ്’ (അല്ലാഹുവിന്റെ നാമം) എന്ന് അല്ലാഹുതന്നെ പറയുമ്പോൾ അല്ലാഹു എന്ന പദത്തിന് അർഥം നല്കുന്ന നേരത്ത് എന്തുകൊണ്ട് ഈ നിർബന്ധമായ കാര്യത്തെ അടിസ്ഥാനമാക്കി വെച്ചുകൂടാ. വിശുദ്ധ ഖുർആൻ വരുന്നതിനുമുമ്പേ അറബികൾ അല്ലാഹു എന്ന പദം ഏതേതെല്ലാം അർഥങ്ങളിലാണ് ഉപയോഗിച്ചിരുന്നതെന്നത് നമ്മുടെ ഉദ്ദേശ്യമല്ല. എന്നാൽ, അല്ലാഹു വിശുദ്ധ ഖുർആനിൽ ആദ്യംമുതൽ അവസാനംവരെ അല്ലാഹു എന്ന പദം, അവൻ റസൂൽമാരേയും നബിമാരേയും ഗ്രന്ഥങ്ങളേയും അയക്കുന്നവൻ, ഭൂമിയും ആകാശവും സൃഷ്ടിച്ചവൻ, ഇന്ന ഇന്ന വിശേഷങ്ങളാൽ വിഭൂഷിതൻ, പങ്കുകാരാരുമില്ലാത്ത ഏകൻ എന്ന അർഥത്തിലാണ് വിവരിച്ചിട്ടുള്ളത്. അതാണ് നമുക്ക് ബാധ്യസ്ഥമായിട്ടുള്ളതും. അതേ! അല്ലാഹുവിന്റെ ഗ്രന്ഥം എത്തിയിട്ടില്ലാത്തവരോടും അതിനെ കുറിച്ച് ഒന്നുമറിയാത്തവരോടും അവരുടെ അറിവും അവരുടെ ബുദ്ധിയും അവരുടെ കാര്യബോധവും അനുസരിച്ച് കാരണം ചോദിക്കലുണ്ടാകും. എന്നാൽ, റസൂലിനെ പിൻപറ്റുന്നതുകൊണ്ട് ജനങ്ങൾക്കുലഭിക്കുന്ന പദവികളും സ്ഥാനങ്ങളും അവർക്കു കിട്ടുക എന്നത് ഒരിക്കലും സംഭാവ്യമല്ല. കാരണം ഏതൊരു നിലകൾവരെ നുബുവ്വത്തിന്റെ പ്രകാശത്തെ പിൻപറ്റുന്നതുകൊണ്ട് അതിനെ പിൻപറ്റുന്നവർക്ക് എത്താൻ കഴിയുമോ കേവലം അന്ധന് എത്താൻ കഴിയുകയില്ല. ഇത് അല്ലാഹുവിന്റെ കൃപാകടാക്ഷമാണ്. ഇതനുസരിച്ച് ആഗ്രഹിക്കുന്നെങ്കിൽ ചെയ്യുക. (റൂഹാനീഖസായിൻ വാള്യം 22 ഹഖീഖത്തുൽ വഹ്യ് പേജ് 172-176)

## ഇർശാദുന്നബ്വി(സ)

‘അന്ത്യദിനത്തിൽ തന്റെ റബ്ബുമായി ഓരോ മുഅ്മിനും അടുപ്പിക്കപ്പെടും.”

(ബുഖാരി, മുസ്ലിം)

**ത്വാലിബെ ദുആ:**
**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**




## ഇർശാദുന്നബ്വി(സ)

“അല്ലാഹു പറഞ്ഞു: നിശ്ചയം എന്റെ കാരുണ്യം എന്റെ കോപത്തെ അതിജീവിക്കുന്നതാണ്.”

(ബുഖാരി, മുസ്ലിം)

**ത്വാലിബെ ദുആ:**
**കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ — The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-1 Thursday 3 November Issue-35

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

**ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ വീക്ഷണങ്ങൾ അറിയാനാഗ്രഹിച്ചിരുന്നു. ഇക്കാര്യങ്ങൾകേട്ട് വളരെ ആകർഷിതനായിരിക്കുന്നു. ഇസ്‌ലാമിനെ സംബന്ധിച്ച് സംശയം വെച്ചു പുലർത്തുന്ന എല്ലാവരും ഇവിടെ വന്ന് ഹുദൂർ അൻവറിന്റെ പ്രസംഗം കേട്ടിരുന്നെങ്കിൽ ഇസ്‌ലാമിനെക്കുറിച്ചുള്ള അവരുടെ നിലവിലുള്ള ചിന്താഗതികൾ മാറിപ്പോകുമായിരുന്നു.**

**2016 ആഗസ്റ്റു 30 ന് ജർമനയിലെ Frankenthal നഗരത്തിൽ മസ്ജിദ് നൂറിന്റെ**
**ഭാഗം-1 ശിലാകർമവേളയിൽ അമീറുൽമുഅ്മിനീന്റെ പ്രഭാഷണംകേട്ട് അതിഥികളിലുണ്ടായ പ്രതികരണം.**

*അഹ്മദിയ്യാ ജമാഅത്തുമായി സുദീർഘകാലത്തെ ബന്ധമുള്ള പ്രായംചെന്ന ഒരു അതിഥി പറയുകയുണ്ടായി. അദ്ദേഹം മുപ്പതിലധികം ശിലാകർമപരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്. പക്ഷേ, അദ്ദേഹം ഇന്നേവരെ ഇത്ര നല്ല സജ്ജീകരണം എങ്ങും കണ്ടിട്ടില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ വീക്ഷണങ്ങൾ അറിയാനാഗ്രഹിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ഇദ്ദേഹം പരിപാടികൾകേട്ട് വളരെ ആകർഷിതനായി. അദ്ദേഹം പറഞ്ഞു, 'ഇസ്‌ലാമിനെ സംബന്ധിച്ച് സംശയം വെച്ചു പുലർത്തുന്ന എല്ലാവരും ഇവിടെ വന്ന് ഹുദൂർ അൻവറിന്റെ പ്രസംഗം കേട്ടിരുന്നെങ്കിൽ ഇസ്‌ലാമിനെക്കുറിച്ചുള്ള അവരുടെ നിലവിലുള്ള ചിന്താഗതികൾ മാറിപ്പോകുമായിരുന്നു. ഇസ്‌ലാമികാധ്യാപനങ്ങൾ ക്രൈസ്തവാധ്യാപനങ്ങളുമായി ഒരുപാട് ചേരുന്നതാണെന്നറിഞ്ഞ് അദ്ദേഹത്തിന് വളരെ സന്തോഷമായി.

* ലോഡ് മേയർ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഹുദൂർ അൻവർ വളരെ വലിയോരു ദിവ്യജ്യോതിസും സ്നേഹിക്കുന്നയാളും സമാധാന പ്രിയനുമായ വ്യക്തിയാണ്. വിജയിക്കുന്ന ഒരു സന്ദേശമാണ് അദ്ദേഹം പറഞ്ഞത്. നിങ്ങൾ ഇത്ര സമാധാനത്തിലാണ് ഇരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞതിന്റെ ഉദ്ദേശ്യം സമൂഹം മനസ്സിലാക്കേണ്ടതാണ്.

* (CDU)Baldauf ക്രിസ്ത്യാനി പാർട്ടിയുടെ ഡപ്യൂട്ടി ചെയർമാൻ pfalz പറഞ്ഞു: 'ഞാൻ ജമാഅത്തിനെ 15 വർഷമായി അറിയുന്നയാളാണ്. പല ആളുകളുടേയും വീടുകളിലും പോയിട്ടുണ്ട്. ഇന്ന് ഞാൻ ഹുദൂർ അൻവറിന്റെ കൂടെ സമയം ചെലവഴിച്ച് അഹ്മദികൾ തീർച്ചയായും ഈ ഉൽകൃഷ്ട സ്വഭാവങ്ങൾ തങ്ങളുടെ ഖലീഫയിൽ നിന്നാണ് പ്രാപിച്ചിട്ടുള്ളതെന്ന കാര്യം അറിഞ്ഞിരിക്കുന്നു. സമാധാനം കൊണ്ടുവരുന്നതാണ് ഖലീഫയുടെ സന്ദേശം. ഈ സമാധാനപ്രിയവും സ്നേഹനിർഭരവുമായ സന്ദേശം കേട്ട് ഹുദൂർ അൻവർ എന്റെ ആത്മീയ സുഹൃത്താണെന്ന് എനിക്ക് തോന്നുന്നു.

* ലോക്കൽ പോലീസിന്റെ പ്രതിനിധികൾ തങ്ങളുടെ ചിന്താഗതികൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഈ പരിപാടി അവർക്ക് സമാധാന നിർഭരമായി അനുഭവപ്പെട്ടു. അവർ ജമാഅത്തിനെ കുറിച്ച് നല്ലതുമാത്രമേ കേട്ടിട്ടുള്ളു. അവർക്ക് ഈ പരിപാടിയിൽ പങ്കെടുക്കുന്നതിന് ഒരു പ്രശ്നവുമുണ്ടായില്ല. ഹുദൂർ അൻവർ ആദരണീയാർഹനും അന്തസുമുള്ള വ്യക്തിത്വമാണ്. അദ്ദേഹത്തിന്റെ പ്രഭാഷണം വലിയ വിശാലമായിരുന്നു. പ്രത്യേകിച്ചും സ്ത്രീകളുടെ അവകാശത്തെ കുറിച്ചുള്ള അധ്യാപനം. അത് വളരെ പ്രധാനപ്പെട്ടതാണ്. അദ്ദേഹത്തിന്റെ പ്രഭാഷണം വളരെ സ്വാധീനം ചെലുത്തുന്നതായിരുന്നു. എല്ലാവരോടും സ്നേഹം വെറുപ്പ് ആരോടുമില്ല എന്ന മോട്ടോ വളരെ മനോഹരവും ശക്തവുമായ സന്ദേശമാണ്. എല്ലാ സമൂഹങ്ങൾക്കും പ്രയോജനപ്രദവുമാണ്.

* ഒരു ഉസ്താദ് പറഞ്ഞു: 'ഈ പരിപാടി എങ്ങനെയാണെന്ന് നോക്കാൻവേണ്ടിമാത്രമാണ് അദ്ദേഹം വന്നത്. അദ്ദേഹം വളരെ ആകർഷിതനായി.' അദ്ദേ ഹം പറഞ്ഞു:'ഹുദൂർ അൻവറിന്റെ പ്രസംഗത്തിന് ഒരു അഗാധമായ അടിത്തറയുണ്ട്. അതിൽ ചിന്തിക്കുകയും ആലോചിക്കുകയുംവേണ്ടത് വളരെ അനിവാര്യമാണ്.' അദ്ദേഹം പറഞ്ഞു,'ഞാൻ ഇനി ജമാഅത്തുമായി ബന്ധം വർധിപ്പിക്കാൻ തീരുമാനിച്ചു കഴിഞ്ഞു.'

* ഒരു അതിഥി പറഞ്ഞു: 'അദ്ദേഹം അഹ്മദിയ്യാ ജമാഅത്തിനെ 25 വർഷമായിട്ട് അറിയുന്നയാളാണ്. തന്റെ ബോസ്സിന്റെ (Boss)ഫാമിലി ഫ്രണ്ടാണ്. അദ്ദേഹം ഹുദൂർ അൻവറിനെ പല പ്രാവശ്യവും തന്റെ സുഹൃത്തിന്റെ വീട്ടിൽ ടി.വി യിൽ കണ്ടിട്ടുള്ളതാണ്. ഹുദൂറിനെ ഒരു പ്രകാശനിർഭരവും ഉത്തമ വ്യക്തിത്വവുമായി കണ്ടു. ഹുദൂറിന്റെ സന്ദേശം ഞാൻ ആഗ്രഹിക്കുന്ന സന്ദേശമാണ്.'

* ഒരു അയൽവാസി സ്ത്രീ പറഞ്ഞു: 'അവർ വിശുദ്ധ ഖുർആനിന്റെ ജർമൻ തർജമ വായിച്ചു. ഹുദൂർ അൻവർ പറഞ്ഞതിനെല്ലാം തികച്ചും വിരുദ്ധമായിട്ടുള്ളതാണ് ഇന്ന് ലോകത്ത് ഇസ്‌ലാമിനെ തിരിൽ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്.' അവർ വിശുദ്ധ ഖുർആൻ വായിച്ചിട്ടുള്ളതുകൊണ്ട് ഹുദൂർ അൻവർ എന്തൊന്ന് വിശുദ്ധ ഖുർആനിൽനിന്ന് സമർപ്പിച്ചുവോ അത് വിശുദ്ധ ഖുർആനിലുള്ളതാണെന്ന് അവർക്ക് സാക്ഷ്യപ്പെടുത്താൻ കഴിയും. ഹുദൂർ അൻവറിന്റെ വ്യക്തിത്വം വളരെ പ്രാധാന്യം വഹിക്കുന്നതാണ്. അദ്ദേഹം നീതിയെ സ്നേഹിക്കുന്ന വ്യക്തിയാണ്. മസ്ജിദ് നിർമിച്ചു കഴിഞ്ഞാൽ ഞാൻ അതും കാണാൻ വരുന്നതാണ്.'

* അഞ്ചു ക്രിസ്ത്യാനികളുടെ ഒരു സംഘം വന്നിരുന്നു. അവർ പറഞ്ഞു: 'ഹുദൂർ അൻവർ ഒരു വളരെ നിശബ്ദനും അന്തസുള്ള വ്യക്തിത്വവുമാണ്. അദ്ദേഹത്തിന്റെ പ്രസംഗം അദ്ദേഹത്തിന് വളരെ ഇഷ്ടപ്പെട്ടു. പ്രത്യേകിച്ചും, മുസ്‌ലീംകളോടു മാത്രമല്ല എല്ലാവരോടും നല്ല നലിയിൽ പെരുമാറണമെന്നുള്ള അദ്ദേഹത്തിന്റെ സന്ദേശം. അവരിൽനിന്നുള്ള ഒരാൾ പറഞ്ഞു:'ലോകം ഹുദൂർ അൻവർ പറഞ്ഞതെല്ലാം സ്വായത്തമാക്കുകയാണെങ്കിൽ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുന്നതാണ്. മറ്റുള്ളവർ തലയാട്ടിക്കൊണ്ട് അദ്ദേഹം ഇപ്പറഞ്ഞത് ശരിവച്ചു. അദ്ദേഹം ഇങ്ങനേയും പറഞ്ഞു:'ഹുദൂർ അൻവർ പറഞ്ഞതിനെ ഞങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. അവർ ജമാഅത്തിന്റെ അംഗങ്ങളുടെ വിദ്യാഭ്യാസപരമായ നിലവാരം കണ്ട് അത്ഭുതപ്പെട്ടു. പ്രത്യേകിച്ചും സ്ത്രീകളുടെ. സ്ത്രീകളേയും ശിലാകർമം നിർവഹിക്കുന്നതിൽ ഭാഗഭാക്കാക്കി ബഹുമാനിക്കുന്നു എന്നതിൽ അവർ ആകർഷിതരായി.'

* മാനേജുമെന്റിൽ പ്രവൃത്തിക്കുന്ന പ്രായം ചെന്ന ഒരു മനുഷ്യൻ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'പ്രത്യേകിച്ചും തന്റെ പ്രൊഫഷൺ കാരണത്താൽ അദ്ദേഹം ധാരാളം തെറ്റുകൾ കണ്ടുപിടിക്കുന്ന ശീലമുള്ളയാളാണ്. നമ്മുടെ വ്യവസ്ഥിതിയും അന്തരീക്ഷവും അദ്ദേഹത്തെ വല്ലാതെ ആകർഷിച്ചു. ജമാഅത്ത് ഇത്രമാത്രം പ്രൊഫണലായ രീതിയിൽ ജോലി ചെയ്യുന്നതുകണ്ട് അദ്ദേഹം അത്ഭുതം പ്രകടിപ്പിച്ചു. ഇത്ര നല്ല സജ്ജീകരണങ്ങളോടുകൂടി അദ്ദേഹത്തെ വരവേൽക്കുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചില്ല. സമാധാനപരമായ അന്തരീക്ഷവും അദ്ദേഹത്തെ ആകർഷിച്ചു. പറയുന്നു: 'ഒരു ജമാഅത്തിന് ഇത്രമാത്രം ശക്തമായ വ്യവസ്ഥിതിയും ഉണ്ടാക്കാൻ കഴിയുമെന്ന കാര്യം അദ്ദേഹത്തിന് അംഗീകരിക്കേണ്ടിവന്നു. അദ്ദേഹം നേതാക്കന്മാരെ പൊതുവെ നല്ല വീക്ഷണത്തോടെ നോക്കാറില്ല. കാരണം ഒരുപാട് നേതാക്കൾ തങ്ങളുടെ ശക്തി തെറ്റായ രീതിയിൽ വിനിയോഗിച്ചിട്ടുണ്ട്. പക്ഷേ, ഹുദൂർ അൻവർ ഇത്തരം നേതാക്കളിൽപ്പെട്ടയാളല്ല. കാരണം അദ്ദേഹം അഭിമാനമുള്ള വ്യക്തിത്വമാണ്. അദ്ദേഹത്തിന്റെ പ്രസംഗത്തിലും ഞാൻ ആകർഷിതനാണ്. സ്തീകൾക്കും നല്ല സജ്ജീകരണങ്ങൾ ഉണ്ടായത് എനിക്കിഷ്ടപ്പെട്ടു. ഞാൻ ജമാഅത്തുമായി സ്ഥിരമായി ബന്ധപ്പെടുന്നതാണ്; ക്യാമറയുടെ മുമ്പിൽ പറയുന്നതാണോ പ്രവർത്തിക്കുന്നതെന്ന് മനസ്സിലാക്കാൻ. ഹുദൂർ അൻവർ വളരെ സൂക്ഷ്മതയുള്ള ആളാണ്. ജീവിതത്തിന്റെ സുപ്രധാന കാര്യങ്ങളെ കുറിച്ച് വിശദീകരിക്കുന്നു. എങ്കിലും ഭൗതികമായ സാമ്പത്തിക മോഹം കാരണത്താൽ അഹ്മദിയ്യാ ജമാഅത്തിന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുക പ്രയാസമാണ്.

* ഒരു അതിഥി Mr.Recap Aydogan തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറയുന്നു:'എന്നെ ഇവിടെ വളരെ നല്ല നിലയിലാണ് സ്വീകരിച്ചത്. ഹുദൂർ അൻവറിന്റെ പ്രസംഗം ഹൃദയത്തിൽനിന്ന് പുറപ്പെടുന്നതാണെന്ന് മനസ്സിലാകുന്നു. അദ്ദേഹം ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളാണ് സമർപിച്ചത്. സജ്ജീകരണങ്ങളെല്ലാം വളരെ നല്ലതായിരുന്നു. ഈ മസ്ജിദ് മുസ്‌ലീംകൾക്ക് വിജയകരമായ സ്ഥലമായി സ്ഥാപിതമാകുന്നതാണ്.

* ഒരു അതിഥി ഡോക്ടർ ക്ലൗസ് തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഹുദൂർ അൻവർ വലിയ ആദരണീയനും അന്തസുമാർന്ന വ്യക്തിയാണ്. അദ്ദേഹത്തിൽനിന്ന് ശാന്തിയും സമാധാനവും പ്രകടമാകുന്നു. Frankenthal നഗരത്തിന് അദ്ദേഹം ഇവിടെ വന്നത് വളരെ വലിയ ബഹുമതിയാണ്. സ്ത്രീയുടെ പദവിയെ സംബന്ധിച്ച് കേട്ട് ഞാൻ ആകർഷിതനായിരക്കുന്നു. ഇത്രമാത്രം ഈവിഷയത്തെ കുറിച്ച് കേൾക്കാൻ കഴിഞ്ഞതിൽ സന്തോഷിക്കുന്നു.

* ഒരു അതിഥി മിസ്റ്റർ കരോഗർ പറഞ്ഞു: ഹുദൂർ അൻവറിൽനിന്ന് ഒരു പ്രത്യേക സമാധാനാന്തരീക്ഷം പ്രകടമാകുന്നു. ഇപ്രകാരം യഥാർഥത്തിൽ നിങ്ങൾ സ്ഥാപിക്കാനാഗ്രഹിക്കുന്ന സമാധാനത്തോടെ നിങ്ങൾ ജീവിക്കുന്നതായി എനിക്കു കാണാൻ കഴിയുന്നു. നിങ്ങളുടെ അതിവേഗതയിലും ഞാൻ ആകർഷിതനാണ്. നമ്മുടേത് വെറും കടമകൾ നിർവഹിക്കുക എന്നതുമാത്രമല്ല, കുറച്ച് ചുമതലകളുമുണ്ടെന്ന് അവിടന്ന് മനസ്സിലാക്കിത്തന്നു.(തുടരും)

# പാപം ചെയ്തവൻ ഏതു പരിതഃസ്ഥിതിയിലും തൗബ ചെയ്യണം

നബി(സ)തിരുമേനി പറഞ്ഞു: "എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവനാണ! നിങ്ങളാരും പാപം ചെയ്യുന്നില്ലെങ്കിൽ അല്ലാഹു നിങ്ങളെ ഇവിടെനിന്ന് തുടച്ചുമാറ്റുകയും പാപം ചെയ്ത് അല്ലാഹുവിനോടു പൊറുക്കലിനെ തേടുകയും പൊറുക്കപ്പെടുകയും ചെയ്യുന്ന ഒരു വിഭാഗത്തെ അല്ലാഹു സൃഷ്ടിക്കുകയും ചെയ്യും." (മുസ്‌ലിം) പാപം ചെയ്യാൻ പ്രേരിപ്പിക്കുകയല്ല. മറിച്ച് പാപം ചെയ്തുപോയവൻ ഏതു പരിതഃസ്ഥിതിയിലും തൗബ ചെയ്തേ പറ്റൂ എന്നാണ് ഇതുകൊണ്ടുള്ള വിവക്ഷിതം

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin